# DRAMA AND KERALA SANSKRIT THEATRE

BA Malayalam
IV Semester

COMPLEMENTARY COURSE- SANSKRIT

CUCBCSS
2014 Admission onwards

UNIVERSITY OF CALICUT
SCHOOL OF DISTANCE EDUCATION
Calicut University P. O., Malappuram dist., Kerala, India Pin: 673 635

**1004**

UNIVERSITY OF CALICUT
SCHOOL OF DISTANCE EDUCATION

STUDY MATERIAL
BA MALAYALAM
IV SEMESTER
COMPLEMENTARY COURSE - SANSKRIT
DRAMA AND KERALA SANSKRIT THEATRE
CUCBCSS 2014 Admn.Onwards

*PREPARED BY :*

Dr.Prajjwala.A.K.
Asst. Professor of Sanskrit (General)
S.N.G.S.College,
Pattambi.

*SCRUTINISED BY :*

Dr. Pushpadasan Kuniyil,
Asst. Professor of Sanskrit Sahitya,
S.N.G.S.College,
Pattambi.

*Lay out:*
*Computer Section, SDE*

©
Reserved

**Aim of the Course:**

The course aims at familiarising Sanskrit Dramatic Literature. Course enables the students to know the general features of Sanskrit Drama and major dramatic works. The course encourages the study of Kerala Sanskrit Theatre.

Objectives of the Course:

To familiarise Sanskrit drama to students. To familiarise Bhasa and his plays. To familiarize the enactment of Sanskrit Drama and other theatres of Kerala.

**CONTENTS**


| MODULE | Chapter |
|---|---|
| MODULE I | Dutavakya of Bhasa |
| MODULE II | Major dramatists and their works - Kalidasa, Bhavabhuti and Saktibhadra. |
| MODULE III | Kerala Sanskrit Theatre - Kudiyattom,Chakyarkuttu & Nangyarkuttu. |


<u>Additional Reading</u>


- Natyakalpadrumam – Manimadhavachakyar
- Kuttambalangalil – Prof. K. P. Narayana Pisharody
- Abhinetri – Usha Nangiar
- Sanskrit on The Stage – Dr. K. Kunjunni Raja
- Natyamandapam – M. P. Sankunni Nair

# Module I

## സംസ്കൃതത്തിലെ ദൃശ്യകാവ്യങ്ങൾ - ഉൽപ്പത്തിയും വികാസവും

സംസ്കൃത നാടകങ്ങൾ വേദങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞവയാണെന്ന് ഭരതമുനി നാട്യശാസ്ത്രത്തിൽ പറയുന്നു. ദേവന്മാർ ബ്രഹ്മാവിനോട് കണ്ണുകളെയും, കാതുകളെയും ഒരുപോലെ ആസ്വദിപ്പിക്കുന്ന വിനോദോപാധി ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടതു പ്രകാരം ഋഗ്വേദത്തിൽ നിന്ന് സംഭാഷണവും, സാമവേദത്തിൽ നിന്ന് സംഗീതവും, യജുർവ്വേദത്തിൽ നിന്ന് അഭിനയവും, അഥർവ്വവേദത്തിൽ നിന്ന് രസവും സ്വീകരിച്ച് നാട്യവേദമെന്ന പേരിൽ രചിക്കുകയും അത് ഭരതമുനി ഭൂമിയിലെത്തിക്കുകയും ചെയ്തു. ഇത് പിൽക്കാലത്ത് നാട്യശാസ്ത്രം എന്നറിയപ്പെട്ടു. നാട്യവുമായി ബന്ധപ്പെട്ട് ഇന്ന് നമുക്ക് ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏറ്റവും പഴക്കമേറിയത് ഭരതമുനിയുടെ നാട്യശാസ്ത്രമാണ്.

ആദ്യകാല നാടകങ്ങളായ ബാലിബന്ധം, കംസവധം എന്നിവയെക്കുറിച്ച് മഹാഭാഷ്യത്തിൽ പറയുന്നുണ്ട്. ലക്ഷ്മീസ്വയംവരം നാടകം സ്വർഗ്ഗത്തിൽ ദേവകൾക്കു മുമ്പാകെ അവതരിപ്പിച്ചതായി പറയുന്നു. ഇന്ന് ലഭ്യമായതിൽ ഏറ്റവും പുരാതനമായവ ഭാസന്റെ പതിമൂന്ന് നാടകങ്ങൾ ആണ്. ഇവയെ തിരുവനന്തപുരം നാടകങ്ങൾ എന്നും പറയുന്നു (Trivandrum Plays). നടരാജഗുരുവായ ശിവനിൽ നിന്നാണ് നൃത്തമുണ്ടായതെന്നും പറയുന്നുണ്ട്.

സ്വഭാവസവിശേഷതകൾ

സംസ്കൃത രൂപകങ്ങൾ നാന്ദി ശ്ലോകത്തോടുകൂടിയാണ് ആരംഭിക്കുന്നത്. തുടർന്ന് സൂത്രധാരൻ ഏതെങ്കിലും ഒരു കഥാപാത്രത്തോടോ നടിയോടോ അവിടെ അന്ന് അവതരിപ്പിക്കാൻ പോകുന്ന ദൃശ്യകാവ്യത്തിന്റെ വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രസ്താവന / സ്ഥാപനയോടുകൂടി നാടകം ആരംഭിക്കുന്നു. പിന്നീട് അങ്കങ്ങളാക്കി തിരിക്കുകയും, അങ്കങ്ങൾ തമ്മലുള്ള ബന്ധം പ്രവേശകം, വിഷ്കംഭം തുടങ്ങിയ നാടക സങ്കേതങ്ങളിലൂടെ വിവരിക്കുകയും ചെയ്യുന്നു. അഞ്ച് സന്ധികളോടുകൂടിയതാണ് നാടകം. മുഖം, പ്രതിമുഖം, ഗർഭം, വിമർശം, ഉപസംഹാരം എന്നിവയാണ് അഞ്ചു സന്ധികൾ. ഇതിവൃത്തത്തെ സമാപ്തിയിലെത്തിക്കുന്നത് ഈ സന്ധികളിലൂടെയാണ്. ഭരതവാക്യത്തോടുകൂടി രൂപകം സമാപിക്കുന്നു.

नान्दी

നന്ദിപ്പിക്കുന്നത് അഥവാ ആനന്ദിപ്പിക്കുന്നത് നാന്ദി. ചെയ്യുവാനാരംഭിക്കുന്ന കർമ്മത്തിന്റെ നിർവ്വിഘ്ന പരിസമാപ്തിക്കുവേണ്ടിയാണ് നാടകാരംഭത്തിൽ ആശീർവാദമോ നമസ്കാരമോ വസ്തുനിർദ്ദേശമോ ചെയ്യുന്നത്. നാടകം ആരംഭിക്കുന്നത് നാന്ദിയോടു- കൂടിയാണ്. ആശീർവ്വചനരൂപത്തിൽ ദേവൻമാരേയോ ബ്രാഹ്മണരേയോ, രാജാക്കൻമാരേയോ സ്തുതിക്കുന്നതാണ് നാന്ദി -

ആശീർവ്വചനസംയുക്താ സ്തുതിർയസ്മാത് പ്രയുജ്യതേ

ദേവദ്വിജനൃപാദീനാം തസ്മാന്നാന്ദീതി സംജ്ഞിതാ.

सूत्रधारः
सूत्रं धारयति, धरति वा इति सूत्रधारः।
आसूत्रयन् गुणान् नेतुः कवेरपि च वस्तुनः ।
रङ्गप्रसाधनप्रौढः सूत्रधार इहोदितः।।

നാടകത്തിന്റെ നിർവ്വാഹകൻ അഥവാ സംവിധായകൻ എന്നർത്ഥം. കഥയുടേയും കഥാവസ്തുവിന്റേയും നായകന്റേയും ഗുണഗണങ്ങളെ ആസൂത്രണം ചെയ്തുകൊണ്ട് രംഗപ്രസാധനം നിർവ്വഹിക്കുന്നയാളാണ് സൂത്രധാരൻ.

स्थापना

सूत्रधारो नटीं ब्रूते मारिषं वा विदूषकम्।

स्वकार्यं प्रस्तुताक्षेपि चित्रोक्त्या यत् तदामुखम्।।

എന്ന് ലക്ഷണം. പ്രസ്താവന, ആമുഖം എന്നീ നാമാന്തരങ്ങളുള്ള സ്ഥാപന കാവ്യാർത്ഥത്തെ സ്ഥാപിക്കുന്നു എന്ന അർത്ഥത്തിലാണ് പ്രയോഗിക്കുന്നത് (स्थापयति काव्यार्थम् इति स्थापना ) മിക്കവാറും നാന്ദീശ്ലോകത്തിനുശേഷം സൂത്രധാരൻ രംഗപ്രവേശം ചെയ്തുകൊണ്ട് നടിയോടോ, നടനോടോ, വിദൂഷകനോടോ, സദസ്യരോടോ, പാരിപാർശ്വികനോടോ ചെയ്യുന്ന സംഭാഷണമെന്ന നിലയിൽ കാവ്യാർത്ഥത്തെ ബോധപൂർവ്വം സ്ഥാപിക്കുന്നതിനെയാണ് സ്ഥാപന എന്നു പറയുന്നത്. ഇതിലൂടെ അഭിനേതാക്കളുടേയും കഥാപാത്രങ്ങളുടെയും, കഥാവസ്തുവിന്റേയും രചയിതാവിന്റേയും വിവരങ്ങൾ സാമാജികരെ അറിയിക്കുന്നു.

प्रवेशक म्
तद्वदेवानुदात्तोक्त्या नीचपात्रप्रयोजितः।
प्रवेशको अङ्कद्वयस्यान्तः शेषार्थस्योपसूचकः।।

എന്ന് ദശരൂപകകാരന്റെ ലക്ഷണം. ഇതിൽ നടന്നതോ നടക്കാനിരിക്കുന്നതോ ആയ കഥാംശങ്ങളെ സൂചിപ്പിക്കുന്നു. രണ്ട് അങ്കങ്ങളുടെ ഇടയിലാണ് പ്രവേശകത്തിന്റെ സ്ഥാനം. ഇതിൽ പ്രാകൃതഭാഷ സംസാരിക്കുന്ന കഥാപാത്രങ്ങളേ പാടുള്ളൂ. പൂർവ്വാങ്ക കഥാംശത്തെയാണ് പ്രവേശകത്തിൽ വിവരിക്കുന്നത്.

विष्कंभम्
वृत्तवर्त्तिष्यमाणानां कथांशानां निदर्शकः।
संक्षेपार्थस्तुविष्कंभः मध्यपात्रप्रयोजितः।।

എന്ന് ലക്ഷണം. നടന്നതോ നടക്കാനിരിക്കുന്നതോ ആയ കഥാംശങ്ങളെ അങ്കാരംഭത്തിൽ സമ്മിശ്രമായി പറയുന്നതിനെ വിഷ്കംഭം എന്നുപറയുന്നു. വിഷ്കംഭം രണ്ടുവിധത്തിലുണ്ട്.

സംസ്കൃതഭാഷമാത്രം സംസാരിക്കുന്ന കഥാപാത്രങ്ങളടങ്ങിയ ശുദ്ധവിഷ്കംഭവും, സംസ്കൃതവും പ്രാകൃതവും മിശ്രിതമായി സംസാരിക്കുന്ന കഥാപാത്രങ്ങളടങ്ങിയ മിശ്രവിഷ്കംഭവും. മദ്ധ്യമകഥാപാത്രങ്ങളും, അധമകഥാപാത്രങ്ങളും വിഷ്കംഭത്തിൽ കാണാം. മദ്ധ്യമ കഥാപാത്രങ്ങൾക്ക് സംസ്കൃതഭാഷ സംസാരിക്കാമെങ്കിലും അധമകഥാപാത്രങ്ങൾക്ക് പ്രാകൃതഭാഷയാണ് ഉപയോഗിക്കാവുന്നത്.

भरतवाक्यं

എല്ലാ സംസ്കൃത നാടകങ്ങളും ജനങ്ങളുടേയും, രാജ്യത്തിന്റെയും, രാജാവിന്റേയും ക്ഷേമത്തിനുവേണ്ടി ആശംസകളർപ്പിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. സമൂഹത്തിനു മുഴുവനും, പ്രത്യേകിച്ച് കാണികൾക്കും മംഗളം വരുവാൻ ഇഷ്ടദേവൻ പ്രസാദിക്കണമേ എന്നാണ് ഭരതവാക്യത്തിന്റെ മുഖ്യമായ അന്തർധാര. ഭരതൻ, നാടകത്തിനെ ഒരു യജ്ഞമായി സങ്കൽപ്പിച്ച് അതിന്റെ അവസാനത്തിലും ഒരു ആചാരവാക്യത്തോടെ അവസാനിപ്പിക്കണം എന്ന ഉദ്ദേശത്തോടെയാണ് ഇത്തരം ഒരു വാക്യം നിർദ്ദേശിച്ചത്. അവസാന രംഗത്തിന്റെ സമാപ്തിയോടെ മുഖ്യ കഥാപാത്രമോ തത്തുല്യനായ മറ്റാരെങ്കിലുമോ രംഗത്തെത്തി എല്ലാവർക്കും മംഗളമാശംസിക്കുന്നതാണീ ചടങ്ങ്. ഭരത മുനിയുടെ നാട്യശാസ്ത്രഗ്രന്ഥാചാരപ്രകാരം അനുവർത്തിച്ചുവരുന്ന ചടങ്ങ് എന്ന നിലയിലാണ് ഭരത വാക്യം എന്ന പേരുവന്നത്. ഭരതൻ എന്നാൽ നടൻ എന്നർത്ഥം. ഈ ലോകത്ത് എല്ലാവരും സുഖമുള്ളവരായിത്തീരട്ടെ എന്ന മഹത്തായ ആശയമാണ് നാട്യകലയിലൂടെ സംവദിക്കപ്പെടുന്നത്.

രൂപകവിഭാഗങ്ങൾ

സംസ്കൃത സാഹിത്യത്തിൽ ദൃശ്യകാവ്യങ്ങളെ രൂപകങ്ങൾ എന്ന് വിളിക്കുന്നു. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ (1) വസ്തു (ഇതിവൃത്തം), (2) നേതാ (അഭിനേതാവ്), (3) രസം എന്നിവയാണ്. ഇവയുടെ സന്നിവേശവും ആവിഷ്കാരവും എത്രത്തോളം ഗംഭീരമായിരിക്കുന്നു എന്നതിനനുസരിച്ചാണ് രൂപകങ്ങൾ വിലയിരുത്തുന്നത്.

രസം ഒമ്പത് വിധത്തിലുണ്ട് - ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം എന്നിവ. ഇങ്ങനെ വസ്തു, നേതാ, രസം എന്നിവയുടെ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ രൂപകങ്ങളെ പത്തായി തിരിച്ചിട്ടുണ്ട്. നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം, എന്നിവയാണവ.

ഭാസൻ

കാളിദാസനും ബാണഭട്ടനുമൊക്കെ ഭാസനെന്ന നാടകകൃത്തിനെ ആദരപൂർവ്വം സ്മരിക്കുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ച് വിവരമൊന്നു മുണ്ടായിരുന്നില്ല. കാളിദാസൻ തന്റെ മാളവികാഗ്നിമിത്രം നാടകത്തിൽ ഭാസൻ സൗമില്ലൻ, കവിപുത്രൻ എന്നിവരെക്കുറിച്ച് പറയുന്നുണ്ട്. വിവിധ ശാസ്ത്രങ്ങളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന ഭാസൻ നീതി നിഷ്ഠയും ശുഭാപ്തിവിശ്വാസവും ഉള്ളയാളായിരുന്നു. മനോധർമ്മം, കവിത്വം, ഭാവനാവിലാസം, മാധുര്യം, ലാളിത്യം എന്നിവ ഒത്തുചേർന്ന ഒരു ശൈലിയാണ് ഭാസന്റേത്. പതിമൂന്ന് നാടകങ്ങൾ

ഭാസന്റേതായി ടി. ഗണപതി ശാസ്ത്രികൾ കണ്ടെത്തിയിട്ടുണ്ട്. ഇവ ഭാസനാടകചക്രം എന്ന പേരിൽ അറിയപ്പെടുന്നു.

ഭാസന്റെ 13 നാടകങ്ങൾ:

1. സ്വപ്നവാസവദത്തം
2. പ്രതിജ്ഞായൗഗന്ധരായണം
3. ചാരുദത്തം
4. അവിമാരകം
5. പ്രതിമാനാടകം
6. അഭിഷേകനാടകം
7. കർണഭാരം
8. ദൂതവാക്യം
9. ദൂതഘടോത്കചം
10. മദ്ധ്യമവ്യായോഗം
11. പഞ്ചരാത്രം
12. ഊരുഭംഗം
13. ബാലചരിതം

1. സ്വപ്നവാസവദത്തം

ആറങ്കങ്ങളുള്ള സ്വപ്നവാസവദത്തത്തിൽ ഉദയനനും പത്മാവതിയുമായുള്ള വിവാഹമാണ് കഥ. ലാവാണകത്തിലെ തീയിൽപ്പെട്ട് ഉദയനന്റെ ഭാര്യ വാസവദത്ത മരിച്ചതായി അറിയിച്ച് അദ്ദേ ഹത്തെ പുനർവിവാഹത്തിനും തദ്വാരാ നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കുന്നതിനും ഉദ്ദേശിച്ചായിരുന്നു മന്ത്രിയായ യൗഗന്ധരായണൻ വാസവദത്തയുടെ സഹകരണത്തോടെ ഇങ്ങനെ ചെയ്തത്. രാജാവ് സ്വപ്നത്തിൽ വാസവദത്തയെ കാണുന്ന രംഗം മനോഹരമായി വർണിച്ചിരിക്കുന്നതിനാൽ സ്വപ്നവാ സവദത്തം എന്ന പേര് അന്വർത്ഥമാകുന്നു.

2. പ്രതിജ്ഞായൗഗന്ധരായണം

ഉദയനന്റെ പൂർവ്വകാല ജീവിതം നാല് അങ്കങ്ങളിലായി അവതരിപ്പിക്കുന്നതാണ് ഇതിലെ കഥ. വാസവദത്തയുടെ പിതാവായ ഉജ്ജയിനിയിലെ രാജാവ് ഉദയനനെ തുറുങ്കിലടക്കുകയും, യൗഗന്ധരാ യണന്റെ സഹായത്തോടെ അദ്ദേഹത്തെ വാസവദത്തയോടുകൂടി രക്ഷപ്പെടുത്തുകയും ചെയ്യുന്നു.

3. ചാരുദത്തം

നിർദ്ധനബ്രാഹ്മണനായ ചാരുദത്തനും പ്രഭുകുമാരിയായ വസന്തസേനയും തമ്മിലുള്ള പ്രണ യമാണ് നാലങ്കങ്ങളിലായി ഇതിലവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കഥ പൂർത്തിയാകുന്നില്ല. ഈ കഥ പൂർത്തിയാക്കിയത് ശൂദ്രകൻ എന്ന പിൽക്കാല കവി മൃച്ഛകടികം എന്ന കൃതിയിലൂടെയാണ്.

4. അവിമാരകം

ആറ് അങ്കങ്ങളിലായി ചിട്ടപ്പെടുത്തിയിട്ടുള്ള ഇതിൽ ശാപഗ്രസ്തനായി രാജ്യം നഷ്ടപ്പെട്ട അവിമാരകനും കുന്തിഭോജന്റെ പുത്രിയായ കുരംഗിയുമായുള്ള രഹസ്യപ്രണയമാണ് ഇതിവൃത്തം. കഥാവസാനം നാരദൻ യാഥാർത്ഥ്യം അറിയിക്കുന്നതോടെ ഇരുവരുടെയും വിവാഹത്തിന് വേദിയൊരുങ്ങുന്നു.

5. പ്രതിമാനാടകം

രാമായണത്തിലെ വനവാസത്തിനുശേഷമുള്ള ശ്രീരാമ പട്ടാഭിഷേകം വിവരിക്കുന്നതാണ് ഇത്. ധാരാളം നൂതനസങ്കേതങ്ങൾ ഉപയോഗിച്ച് ഭാസൻ തന്മയത്വത്തോടെയും നാടകീയമായും തനതായ ശൈലിയിൽ അവതരിപ്പിച്ചിരിക്കുന്നു.

6. അഭിഷേകനാടകം

രാമായണകഥയെ ഉപജീവിച്ച് ഭാസമഹാകവി രചിച്ച ഒരു നാടകമാണ് അഭിഷേകനാടകം. ഇതിലെ കഥ ബാലിവധത്തോടെ ആരംഭിച്ച് ശ്രീരാമപട്ടാഭിഷേകത്തോടെ അവസാനിക്കുന്നു. നാടകകൃത്ത് തന്റെ ഭാവനാവൈഭവം ഇതിൽ പ്രകടിപ്പിച്ചിട്ടുണ്ട്. സമുദ്രത്തിൽ സേതു ബന്ധനം ചെയ്തതായി ഭാസൻ പറഞ്ഞിട്ടില്ല. നേരെമറിച്ച്, വരുണൻ വെള്ളം മാറ്റിക്കൊടുത്ത വഴിയിലൂടെയാണ് രാമനും മറ്റും ലങ്കയിലെത്തിയതെന്ന് ഭാസൻ വ്യക്തമാക്കിയിരിക്കുന്നു. ഇങ്ങനെ അദ്ദേഹം മൂലകഥയിൽ അൽപ്പം ചില മാറ്റം വരുത്തിയത് അതിന്റെ അഭിനേയത വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

7. കർണഭാരം

കർണ്ണഭാരത്തിന്റെ ഇതിവൃത്തം മഹാഭാരതത്തിൽ നിന്ന് സ്വീകരിച്ചതാണ്. പാണ്ഡവ - കൗരവയുദ്ധം ഒരു നിർണ്ണായക ഘട്ടത്തിൽ എത്തിക്കഴിഞ്ഞിരുന്നു. ഭീഷ്മർക്കു ശേഷം കൗരവസേനയിടെ സേനാനായകത്വം വഹിച്ച ദ്രോണർ കൊല്ലപ്പെട്ടു. അതിനുശേഷം സേനയെ നയിക്കേണ്ട ഭാരം കർണന്റെ ശിരസ്സിലാണ് വന്നു വീണത്. തുടർന്നുള്ള കഥയാണ് ഇതിലെ ഇതിവൃത്തം. ഏകാങ്ക നാടകമായ ഇതിൽ മഹാഭാരതയുദ്ധത്തിൽ അർജ്ജുനനുവേണ്ടി കവച-കുണ്ഡലങ്ങൾ യാചിക്കുന്ന ഇന്ദ്രന്റെ കഥയാണ്.

8. ദൂതവാക്യം

മഹാഭാരതകഥയെ അടിസ്ഥാനമാക്കിയാണ് ഭാസൻ ഈ കൃതി രചിച്ചത്. വിരാടരാജാവിന്റെ പുത്രിയായ ഉത്തരയും, അർജുനന്റെ പുത്രനായ അഭിമന്യുവും തമ്മിലുള്ള വിവാഹശേഷം, ചൂതുകളിയുടെ നിബന്ധന അനുസരിച്ച് പാണ്ഡവൻമാർ 12 കൊല്ലത്തെ വനവാസവും ഒരുകൊല്ലത്തെ അജ്ഞാതവാസവും പൂർത്തിയാക്കിക്കഴിഞ്ഞതിനാൽ തങ്ങൾക്ക് പൈതൃമായി ലഭിക്കേണ്ട പകുതി രാജ്യം നേടുന്നതിന് അവരവരുടെ കഴിവനുസരിച്ച് യുദ്ധസന്നാഹങ്ങൾ ഒരുക്കുന്നു. എന്നാൽ ധർമ്മപുത്രർ യുദ്ധംമൂലമുള്ള നാശനഷ്ടങ്ങളൊഴിവാക്കുന്നതിന് സന്ധിസംഭാഷണത്തിന് തന്റെ ദൂതനായി ശ്രീകൃഷ്ണനെ അയക്കുന്നു. ഒരങ്കത്തോടുകൂടിയ ദൂതവാക്യത്തിൽ, പാണ്ഡവദൂതനായി

ശ്രീകൃഷ്ണൻ കൗരവസഭയിൽ സമാധാനത്തിനു വേണ്ടി എത്തുന്നതും അനന്തരമുണ്ടാകുന്ന സംഭവ വികാസങ്ങളുമാണ് വിവരിക്കുന്നത്.

9. ദൂതഘടോത്കചം

അഭിമന്യുവിന്റെ മരണത്തോടെ മഹാഭാരതയുദ്ധത്തിൽ കൗരവരുടെ നിഗ്രഹത്തിനായി ഭീമപുത്രനായ ഘടോത്കചൻ പ്രത്യക്ഷപ്പെടുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് ഒരങ്കമുള്ള ഇതിൽ വർണിക്കുന്നത്.

10.

11. മദ്ധ്യമവ്യായോഗം

രാജ്യഭ്രഷ്ടരാക്കപ്പെട്ട പാണ്ഡവർ വനത്തിലുണ്ടെന്നറിഞ്ഞ ഹിഡിംബ മകനായ ഘടോത്കചനെ ഉപയോഗിച്ച് സ്വഭർത്താവായ ഭീമനെ ഒരുനോക്കു കാണുന്നതിന് ഹിഡിംബ ഒരുക്കുന്ന കൗശലമാണ് ഒരങ്കമുള്ള ഇതിലെ പ്രതിപാദ്യവിഷയം.

12. പഞ്ചരാത്രം

മൂന്ന് അങ്കങ്ങളുള്ള ഇതിൽ വിരാടരാജാവിന്റെ പശുക്കളെ അപഹരിച്ച കൗരവർ അജ്ഞാതവാസത്തിലുള്ള പാണ്ഡവരെ കണ്ടെത്താൻ ശ്രമിക്കുന്നതാണ് കഥ. ഭാസൻ ഇതിലെ കഥാപാത്രങ്ങൾക്ക് സവിശേഷമായ വ്യതിയാനങ്ങൾ വരുത്തിയാണ് അവതരിപ്പിക്കുന്നത്.

13. ഊരുഭംഗം

യുദ്ധാനന്തരം ഭീമസേനന്റെ ഗദാപ്രയോഗത്താൽ കാലൊടിഞ്ഞു കിടക്കുന്ന ദുര്യോധനനും അദ്ദേഹത്തിന്റെ മരണവും നടക്കുന്ന അവസാനത്തെ ഏതാനും മണിക്കൂറുകളാണ് ഇതിൽ വരച്ചുകാണിക്കുന്നത്. ഇതാണ് സംസ്കൃതത്തിലെ ഏക ദുരന്തനാടകമായി കണക്കാക്കപ്പെടുന്നത്. ഇവിടെ ദുര്യോധനനെ ഒരു മഹദ്വ്യക്തിയായും, ധീര നായകനായും വരച്ചുകാട്ടുന്നു.

14. ബാലചരിതം

ശ്രീകൃഷ്ണന്റെ കംസവധം വരെയുള്ള ബാലലീലകളാണ് ഇതിലെ പ്രതിപാദ്യം. ശ്രീമദ്ഭാഗവതം, വിഷ്ണുപുരാണം, ഹരിവംശം തുടങ്ങിയ കൃതികളെ അവലംബിച്ചാണ് അഞ്ചങ്കങ്ങളുള്ള ഇത് രചിച്ചിട്ടുള്ളത്.

ഭാസന്റെ മറ്റു കൃതികളെപ്പറ്റി അവിടവിടെ പരാമർശങ്ങളുണ്ടെങ്കിലും അവ കണ്ടുകിട്ടിയിട്ടില്ലാത്തതിനാൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

ദൂതവാക്യം

കഥാസാരം

ചൂതുകളിയിൽ തോറ്റ് നാടുവിട്ടുപോയ പാണ്ഡവന്മാർ കരാറനുസരിച്ച് 12 വർഷം വനവാസവും 1 കൊല്ലത്തെ അജ്ഞാതവാസവും കഴിഞ്ഞിരിക്കുകയായിരുന്നു. പാണ്ഡവർക്ക് കരാറനുസരിച്ച് കിട്ടേണ്ട പാതിരാജ്യം തിരിച്ചുപിടിക്കുന്നതിന് വേണ്ടി അവർ സൈന്യത്തെ തയ്യാറാക്കുന്നു എന്ന് എങ്ങനേയോ അറിഞ്ഞ ദുര്യോധനൻ അവരോട് യുദ്ധം ചെയ്യാൻ ആരെയാണ്

സൈന്യാധിപനാക്കേണ്ടതെന്ന് ആലോചിക്കുവാൻ ഭീഷ്മ - ദ്രോണാദികളെയും തന്റെ സാമന്ത രാജാക്കൻമാരെയും മന്ത്രശാലയിലേക്ക് ക്ഷണിക്കുന്നു. സഭയിൽ വെച്ച് മാതുലനായ ശകുനിയുടെ നിർദ്ദേശമനുസരിച്ച് ഭീഷ്മപിതാമഹനെ സേനാപതിയായി അഭിഷേകം നടത്തുവാൻ നിശ്ചയിക്കുന്നു. ആ സന്ദർഭത്തിലാണ് ദുര്യോധനനുമായി സന്ധി സംഭാഷണത്തിന് യുധിഷ്ഠിരന്റെ അഭ്യർത്ഥന മാനിച്ച് ശ്രീകൃഷ്ണൻ ഹസ്തിനപുരിയിലെ ദുര്യോധനസഭയിലെത്തുന്നത്. തുടർന്നുള്ള സംഭവവികാസങ്ങളാണ് നാടകത്തിൽ പരാമർശിക്കപ്പെടുന്നത്.

മഹാഭാരതത്തിലെ മൂലകഥയിൽ നിന്നും അൽപ്പ സ്വൽപ്പം മാറ്റം വരുത്തി അഭിനയത്തിന് കൂടുതൽ വക നൽകുന്നതും രംഗപ്രയോഗത്തെ മുൻ നിർത്തി ആസ്വാദകരായ സദസ്യർക്കും വായനക്കാർക്കും രസപോഷണത്തിനുപയുക്തമാകുന്ന വിധത്തിലും ഭാസൻ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്.

കഥാപാത്രങ്ങൾ

| | | |
|---|---|---|
| സൂത്രധാരൻ | - | സംവിധായകൻ |
| കാഞ്ചുകീയൻ | - | കഞ്ചുകി |
| ബാദരായണൻ | - | ദുര്യോധനന്റെ ഒരു ഭൃത്യൻ |
| ദുര്യോധനൻ | - | കുരുവംശ രാജാവ് |
| വാസുദേവൻ | - | പാണ്ഡവദൂതനായ ശ്രീകൃഷ്ണൻ |
| സുദർശനം | - | ശ്രീകൃഷ്ണന്റെ ശ്രേഷ്ഠമായ ചക്രായുധം |
| ധൃതരാഷ്ട്രർ | - | ദുര്യോധനന്റെ അച്ഛൻ |

**ദൂതവാക്യത്തിൽ പരാമർശിക്കപ്പെടുന്ന മറ്റു കഥാപാത്രങ്ങൾ**

ദ്രോണാചാര്യർ, ഭീഷ്മപിതാമഹൻ, വൈകർണ വർഷ ദേവൻമാർ (ദുര്യോധന സഭയിലെ സാമന്തരാജാക്കൻമാർ), ശകുനി (ദുര്യോധനന്റെ മാതുലൻ), കർണൻ (ദുര്യോധനന്റെ ആത്മമിത്രമായ അംഗ രാജ്യത്തിലെ രാജാവ്), ദുശ്ശാസനൻ, ദുർമർഷണൻ, ദുർമ്മുഖൻ (ദുര്യോധനന്റെ സഹോദരൻമാർ), ദുർബുദ്ധി, ദുഷ്ടേശ്വരൻ (ദുര്യോധനന്റെ ആജ്ഞാനുവർത്തികളായ സാമന്തരാജാക്കൻമാർ), ശാർങ്ഗം (മഹാവിഷ്ണുവിന്റെ ധനുസ്സ്), കൗമോദകി (ഗദ), പാഞ്ചജന്യം (ശംഖ്), നന്ദകം (വാള്), ഗരുഡൻ (മഹാവിഷ്ണുവിന്റെ വാഹനം), ദുര്യോധന സഭയിലെ മറ്റനേകം രാജാക്കൻമാർ.

സ്ഥലം : ദുര്യോധന മഹാരാജാവിന്റെ മന്ത്രശാല

സമയം : കുരുക്ഷേത്രയുദ്ധത്തിനു മുമ്പുള്ള ഒരു പകൽ

**भासनाटकचक्रे**

## ।। दूतवाक्यम् ।।

മഹാകവി ഭാസനാൽ രചിക്കപ്പെട്ട ദൂതവാക്യം

(नान्द्यन्ते ततः प्रविशति सूत्रधारः)
सूत्रधार : -

पादः पायादुपेन्द्रस्य सर्वलोकोत्सवः सवः।

व्याद्धो नमुचिर्येन तनुताम्रनखेन खे।। १ ।।

एवमार्यमिश्रान् विज्ञापयामि। अये! किन्नु खलु मयि विज्ञापनव्यग्रे शब्द इव श्रूयते। अङ्ग पश्यामि।

(नेपथ्ये)

भो भोः प्रतिहाराधिकृताः! महाराजो दुर्योधनः समाज्ञापयति ।

सूत्रधारः - भवतु, विज्ञातम्।

उत्पन्ने धार्त्तराष्ट्राणां विरोधे पाण्डवैः सह।

मन्त्रशालां रचयति भृत्यो दुर्योधनाज्ञया ।। २ ।।

(निष्क्रान्तः)

स्थापना

(ततः प्रविशति काञ्चुकीयः)

काञ्चुकीयः - भो भोः! प्रतिहाराधिकृताः! महाराजो दुर्योधनः समाज्ञापयति - अद्य सर्वपार्थिवैः सह मन्त्रयितुमिच्छामि। तदाहूयन्तां सर्वे राजान इति। (परिक्रम्यावलोक्य) अये अयं महाराजो दुर्योधन इत एवाभिवर्त्तते। य एषः,

श्यामो युवा सितदुकूलकृतोत्तरीयः
सच्छत्रचामरवरो रचिताङ्करागः।
श्रीमान् विभूषणमणिद्युतिरञ्जिताङ्गो
नक्षत्रमध्य इव पर्वगतः शशाङ्कः।। (३)

(ततः प्रविशति यथानिर्दिष्टो दुर्योधनः)

दुर्योधनः -

उद्भूतरोषमिव मे हृदयं सहर्षं
प्राप्तं रणोत्सवमिमं सहसा विचिन्त्य।
इच्छामि पाण्डवबले वरवारणाना-
मुत्कृत्तदन्तमुसलानि मुखानि कर्तुम्।। ४।।

काञ्चुकीयः - जयतु माहाराजः। महाराजशासनात् समानीतं सर्वराजमण्डलम्।

दुर्योधनः - सम्यक् कृतम्। प्रविश त्वमवरोधनम्।

काञ्चुकीयः - यदाज्ञापयति महाराजः। (निष्क्रान्तः)

दुर्योधनः - आर्यौ! वैकर्णवर्षदेवौ! उच्यताम् - अस्ति ममैकादशाक्षौहिणीबलसमुदयः। अस्य कः सेनापतिर्भवितुमर्हति। किमाहतुर्भवन्तौ - महान् खल्वयमर्थः। मन्त्रयित्वा वक्तव्यमिति? सदृशमेतत्। तदागम्यतां मन्त्रशालामेव प्रविशामः। आचार्य! अभिवादये। प्रविशतु भवान् मन्त्रशालाम्। पितामह! अभिवादये। प्रविशतु भवान् मन्त्रशालाम्। मातुल! अभिवादये। प्रविशतु भवान् मन्त्रशालाम्। आर्यौ वैकर्णवर्षदेवौ! प्रविशतां भवन्तौ। भो भोः सर्वक्षत्रियाः! स्वैरं प्रविशन्तु भवन्तः। वयस्य! कर्ण! प्रविशामस्तावत्।

(प्रविश्य)

आचार्य! एतत् कूर्मासनं, आस्यताम्। पितामह! एतत् सिंहासनं आस्यताम्। मातुल! एतत् चर्मासनं, आस्यताम्। आर्यौ वैकर्णवर्षदेवौ! आसातां भवन्तौ। भो भोः सर्वक्षत्रियाः! स्वैरमासतां भवन्तः। किमिति किमिति? महाराजौ नास्त इति। अहो सेवाधर्मः। नन्वयमहमासे। वयस्य कर्ण! त्वमप्यास्स्व। (उपविश्य) आर्यौ वैकर्णवर्षदेवौ! उच्यतां - अस्ति ममैकादशाक्षौहिणीबलसमुदयः। अस्य कः सेनापतिर्भवितुमर्हतीति। किमाहतुर्भवन्तौ - अत्र भवान् गान्धारराजो वक्ष्यतीति? भवतु, मातुलेनाभिधीयताम्। किमाह मातुलः - अत्रभवति गाङ्गेये स्तिते कोऽन्यः सेनापतिर्भवितुमर्हतीति? सम्यगाह मातुलः। भवतु भवतु, पितामह एव भवतु। वयमप्येतदभिलषामः।

सेनानिनादपटहस्वनशंखनादै -
श्चण्डानिलाहतमहोदधिनादकल्पैः।
गाङ्गेयमूर्धिनि पतितैरभिषेकतोयैः
सार्धं पतन्तु हृदयानि नराधिपानाम्।। ५ ।।

(प्रविश्य)

काञ्चुकीयः - जयतु महाराजः। एष खलु पाण्डवस्कन्धावाराद् दौत्येनागतः पुरुषोत्तमो नारायणः।

दुर्योधनः - मा तावद् भो बादरायण! किं किं कंसभृत्यो दामोदरस्तव पुरुषोत्तमः। स गोपालकस्तव पुरुषोत्तमः? बार्हद्रथाबह्वतविषयकीर्तिभोगस्तव पुरुषोत्तमः? अहो पार्थिवासन्नमाश्रितस्य भृत्यजनस्यसमुदाचारः। सगर्वं खल्वस्य वचनम्। आः अपध्वंस!

काञ्चुकीयः - प्रसीदतु महाराजः। संभ्रमेण समुदाचारौ विस्मृतः। (पादयोः पतति)

दुर्योधनः - संभ्रम इति। आः मनुष्याणामस्त्येव संभ्रमः। उत्तिष्ठोत्तिष्ठ।

काञ्चुकीयः - अनुगृहीतोऽस्मि।

दुर्योधनः - इदानीं प्रसन्नोऽस्मि। क एष दूतः प्राप्तः।

काञ्चुकीयः - दूताः प्राप्तः केशवः।

दुर्योधनः - केशव इति? एवमेष्टव्यम्। अयमेव समुदाचारः। भोभो राजानः! ?त्येनागतस्य केशवस्य किं युक्तम्। किमाहुर्भवन्तः, अर्घ्यप्रदानेन पूजयितव्यः केशव इति? नमे रोचते। ग्रहणमस्यात्र हितं पश्यामि।

ग्रहणमुपगते तु वासुभद्रे

ह्वतनयना इव पाण्डवा भवेयुः।

गतिमतिरहितेषु पाण्डवेषु

क्षितिरखिलापि भवेन्ममासपत्ना।। ६ ।।

अपि च योऽत्र केशवस्य प्रत्युत्थास्यति, स मया द्वादशसुवर्णभारेण दण्ड्यः। तदप्रमत्ता भवन्तु भवन्तः। (आत्मगतम्) को नु खलु ममाप्रत्युत्थानस्योपायः। हन्त दृष्ट उपायः। (प्रकाशम्) बादरायण! आनीयतां स चित्रपटौ ननु, यत्र द्रौपदीकेशाम्परावकर्षणमालिखितम्। (अपवार्य) तस्मिन् दृष्टिविन्यासं कुर्वन् नोत्थास्यामि केशवस्य।

काञ्चुकीयः - यदाज्ञापयति महाराजः। (निष्क्रम्य प्रविश्य)

जयतु महाराजः। अयं स चित्रपटः।

दुर्योधनः - ममाग्रतः प्रसारय।

काञ्चुकीयः - यदाज्ञापयति महाराजः। (प्रसारयति)

दुर्योधनः - अहो दर्शनीयोऽयं चित्रपटः। एष दुश्शासनः द्रौपदीं केशहस्ते गृहीतवान्। एषा खलु द्रौपदी,

दुश्शासनपरामृष्टा सम्भ्रमोत्फुल्ललोचना।

राहुवक्त्रान्तरगता चन्द्रलेखेव शोभते।। ७।।

एष दुरात्मा भीमः सर्वराजसमक्षमवमानितां द्रौपदीं दृष्ट्वा प्रवृद्धामर्षः सभास्तंभं तुलयति। एष युधिष्ठिरः,

सत्यधर्मघृणायुक्तो द्यूतविभ्रष्टचेतनः।

करोत्यपाङ्गविक्षेपैः शान्तामर्षं वृकोदरम्।। ८ ।।

एष इदानीमर्जुनः,

रोषाकुलाक्षः स्फुरिताधरोष्ठ –

स्तृणाय मत्वा रिपुमण्डलं तत्।

उत्सादयिष्यन्निव सर्वराज्ञः

शनैः समाकर्षति गाण्डिवज्याम्।। ९ ।।

एषां युधिष्ठिरोऽर्जुनं निवारयति। एतौ नकुलसहदेवौ,

कृतपरिकरबन्धौ चर्मनिस्त्रिंशहस्तौ

परुषितमुखरागौ स्पष्टदष्टाधरोष्ठौ।

विगतमरणशङ्कौ सत्वरं भ्रातरं मे

हरिमिव मृगपोतौ तेजसाभिप्रयातौ।। १०।।

एष युधिष्ठिरः कुमारावुपेत्य निवारयति –

नीचोऽहमेव विपरीतमतिः कथं वा

रोषं परित्यजतमद्य नयानयज्ञौ।

द्यूताधिकारमवमानममृष्यमाणाः

सत्वाधिकेषु वचनीयपराक्रमा स्युः।।११।।

इति। एष गान्धारराजः,

अक्षान् क्षिपन् स कितवः प्रहसन् सगर्वं

सङ्कोचयन्निव मुदं द्विषतां स्वकीर्त्या।

स्वैरासनो द्रुपदराजसुतां रुदन्तीं

काक्षेण पश्यति लिखत्यपि गां नयज्ञः।। १२।।

एतावाचार्यपितामहौ तां दृष्ट्वा लज्जायमानौ पटान्तान्तर्हितमुखौ स्थितौ। अहो अस्य वर्णाढ्यता। अहो भावोपपन्नता। अहो युक्तलेखता। सुव्यक्तमालिखितोऽयं चित्रपटः। प्रीतोऽस्मि। कोऽत्र।

काञ्चुकीयः - जयतु महाराजः।

दुर्योधनः - बादरायण! आनीयतां स विहगवाहनमात्रविस्मितो दूतः।

काञ्चुकीयः - यदाज्ञापयति महाराजः। निष्क्रान्तः)

दुर्योधनः - वयस्य कर्ण!

प्राप्तः किलाद्य वचनादिह पाण्डवानां
दौत्येन भृत्य इव कृष्णमतिः स कृष्णः।
श्रोतुं सखे! त्वमपि सज्जय कर्ण! कर्णौ
नारीमृदूनि वचनानि युधिष्ठिरस्य।।१३।।

(ततः प्रविशति वासुदेवः काञ्चुकीयश्च।)

वासुदेवः - अद्य खलु धर्मराजवचनात् धनञ्जयाकृत्रिममित्रतया चाहवदर्पमनुक्तग्राहिणं सुयोधनं प्रति मयाप्यनुचितदौत्यसमयोऽनुष्ठितः। अथ च,

कृष्णापराभवभुवा रिपुवाहिनीभ –
कुम्भस्थलीदलनतीष्णगदाधरस्य।
भीमस्य कोपशिखिना युधि पार्थपत्रि-
चण्डानिलैश्च कुरुवंशवनं विनष्टम्।।१४।।

इदं सुयोधनशिबिरम्। इह हि,

आवासाः पार्थिवानां सुरपुरसदृशाः स्वच्छन्दविहिता
विस्तीर्णाः शस्त्रशाला बहुविधकरणैः शस्त्रैरुपचिताः।
हेषन्ते मन्दुरास्थास्तुरगवरखटा बृंहन्ति करिण
ऐश्वर्यं स्फीतमेदत् स्वजनपरिभवादासन्न विलयम्।।१५।।

भोः!

दुष्टवादी गुणद्वेषी शठः स्वजननिर्दयः ।
सुयोधनो हि मां दृष्ट्वा नैव कार्यं करिष्यति।।१६।।

भो बादरायण! किं प्रवेष्टव्यम्?

काञ्चुकीयः - अथकिमथकिम्। प्रवेष्टुमर्हति पद्मनाभः।

वासुदेवः - (प्रविश्य) कथं कथं मां दृष्ट्वा संभ्रान्ताः सर्वक्षत्रियाः। अलमलं संभ्रमेण। स्वैरमासतां भवन्तः।

दुर्योधनः - कथं कथं केशवं दृष्ट्वा संभ्रान्ताः सर्वक्षत्रियाः। अलमलं संभ्रमेण। स्मरणीयः पूर्वमाश्रावितो दण्डः, नन्वहमाज्ञप्ता।

वासुदेवः - (उपगम्य) भोः सुयोधन! किमास्से?

दुर्योधनः - (आसनात् पतित्वा आत्मगतम्) सुव्यक्तं प्राप्त एव केशवः।

उत्साहेन मतिं कृत्वा –

प्यासीनोऽस्मि समाहितः।

केशवस्य प्रभावेण

चलितोऽस्म्यासनादहम्।।१७।।

अहो बहुमायोऽयं दूतः। (प्रकाशं) भो दूत! एतदासनमास्यताम्।

वासुदेवः - आचार्य! आस्यतां। गाङ्गेयप्रमुखा राजानः! स्वैरमासतां भवन्तः। वयमप्युपविशामः। (उपविश्य) अहो दर्शनीयोऽयं चित्रपटः। मा तावत्। द्रौपदीकेशाम्बराकर्षणमत्रालिखितम्। अहो नु खलु,

सुयोधनोऽयं स्वजनावमानं

पराक्रमं पश्यति बालिशत्वात्।

को नाम लोके स्वयमात्मदोष-

मुद्घाटयेन्नष्टघृणः सभासु।।१८।।

आः अपनीयतामेष चित्रपटः।

दुर्योधनः - बादरायण! अपनीयतां किल चित्रपटः।

काञ्चुकीयः - यदाज्ञापयति महाराजः। (अपनयति)

दुर्योधनः - भो दूत!

धर्मात्मजो वायुसुतश्च भीमो

भ्रातार्जुनो मे त्रिदशेन्द्रसूनुः।

यमौ च तावश्विसुतौ विनीतौ

सर्वे सभृत्याः कुशलोपपन्नाः।।१९।।

वासुदेवः - सदृशमेतद् गान्धारीपुत्रस्य। अथकिमथकिम्? कुशलिनः सर्वे। भवतो राज्ये शरीरे बाह्याभ्यन्तरे च कुशलमनामयं च पृष्ट्वा विज्ञापयन्ति युधिष्ठिरादयः पाण्डवाः -

अनुभूतं महद्दुःखं

संपूर्णः समयः स च।

अस्माकमपि धर्म्यं यद्

दायाद्यं तद्विभज्यताम्।।२०।।

इति।

दुर्योधनः - कथं कथं दायाद्यमिति।

वने पितृव्यो मृगयाप्रसंगतः

कृतापराधो मुनिशापमाप्तवान्।

तदाप्रभृत्येव स दारनिःस्पृहः

परात्मजानां पितृतां कथं व्रजेत्।।२१।।

वासुदेवः - पुराविदं भवन्तं पृच्छामि।

विचित्रवीर्यो विषयी विपत्तिं

क्षयेण यातः पुनरम्बिकायाम्।

व्यासेन जातो धृतराष्ट्र एष

लभेत राज्यं जनकः कथं ते।।२२।।

मामा भवान्,

एवं परस्परविरोधविवर्धनेन

शीध्रं भवेत् कुरुकुलं नृप! नामशेषम्।

तत् कर्तुमर्हति भवानपकृष्य रोषं

यत् त्वां युधिष्ठिरमुखाः प्रणयात् ब्रुवन्ति।।२३।।

दुर्योधनः - भो दूत! न जानाति भवान् राज्यव्यवहारम्।

राज्यं नाम नृपात्मजैः सहृदयैर्जित्वारिपून् भुज्यते

तल्लोके नतु याच्यते नतु पुनर्दीनाय वा दीयते।

काङ्क्षा चेन्नृपतित्वमाप्तुमचिरात् कुरवन्तु ते साहसं

स्वैरं वा प्रविशन्तु शान्तमतिभिर्जुष्टं शमायाश्रमम्।।२४।।

वासुदेवः - भो सुयोधन! अलं बन्धुजने परुषमभिधातुम्।

पुण्यसञ्चयसंप्राप्ता –

मधिगम्य नृपश्रियम्।

वञ्चयेद्यः सुहृद्बन्धून्

स भवेद् विफलश्रमः।।२५।।

दुर्योधनः - भोदूत,

स्यालं तव गुरोर्भूपं कंसं प्रति न ते दया।

कथमस्माकमेवं स्यात् तेषु नित्यापकारिषु।।२६।।

वासुदेवः - अलं तन्मद्दोषतो ज्ञातुम्।

कृत्वा पुत्रवियोगार्त्तां

बहुशो जननीं मम।

वृद्धं स्वपितरं बद्ध्वा

हतोऽयं मृत्युना स्वयम्।।२७।।

दुर्योधनः - सर्वथा वञ्चितस्त्वया कंसः। अलमात्मस्तवेन। न शौर्यमेतत्। पश्य,

जामातृनाशव्यसनाभितप्ते

रोषाभिभूते मगधेश्वरेऽथ।

पलायमानस्य भयातुरस्य

शौर्यं तदेतत् क्व गतं तवासीत्।।२८।।

वासुदेवः - भो सुयोधन! देशकालावस्थापेक्षि खलु शौर्यं नयानुगामिनाम्। इह तिष्ठतु तावदस्मद्गतः परिहासः। स्वकार्यमनुष्ठीयताम्।

कर्तव्यो भ्रातृषु स्नेहो विस्मर्तव्या गुणेतराः।

संबन्धो बन्धुभिः श्रेयान् लोकयोरुभयोरपि।।२९।।

दुर्योधनः -

देवात्मजैर्मनुष्याणां

कथं वा बन्धुता भवेत्।

पिष्टपेषणमेतावत्

पर्याप्तं छिद्यतां कथा।।३०।।

वासुदेवः - (आत्मगतं)

प्रसाद्यमानः साम्नाऽयं न स्वभावं विमुञ्चति।

हन्त संक्षोभयाम्येनं वचोभिः परुषाक्षरैः।।३१।।

(प्रकाशम्) भोः सुयोधन! किं न जानीषेऽर्जुनस्य बलपराक्रमम्।

दुर्योधनः - न जाने।

वासुदेवः - भो श्रूयताम्,

कैरातं वपुरास्थितः पशुपतिर्युद्धेन संतोषितो

वह्नेः खाण्डवमश्नतः सुमहती वृष्टिः शरैश्छादिता।

देवेन्द्रार्तिकरा निवातकवचा नीताः क्षयं लीलया

नन्वेकेन तदा विराटनगरे भीष्मादयो निर्जिताः।।३२।।

अपि च, तवापि प्रत्यक्षमपरं कथयामि।

ननु त्वं चित्रसेनेन नीयमानो नभस्तलम्।

विक्रोशन् घोषयात्रायां फलगुनेनैव मोक्षितः।।३३।।

किं बहुना,

दातुमर्हसि मद्वाक्याद्

राज्यार्धं धृतराष्ट्रज।

अन्यथा सागरान्तां गां

हरिष्यन्ति हि पाण्डवाः।।३४।।

दुर्योधनः - कथं कथम्। हरिष्यन्ति हि पाण्डवाः

प्रहरति यदि युद्धे मारुतो भीमरूपी

प्रहरति यदि साक्षात् पार्थरूपेण शक्रः।

परुषवचनदक्ष! त्वद्वचोभिर्न दास्ये

तृणमपि पितृभुक्ते वीर्यगुप्ते स्वराज्ये।।३५।।

वासुदेवः - भो कुरुकुलकलङ्कभूत! अयशोलुब्ध! वयं किल तृणान्तराभिभाषकाः।

दुर्योधनः - भो गोपालक! तृणान्तराभिभाष्यो भवान्।

अवध्यां प्रमदां हत्वा

हयं गोवृषमेव च।

मल्लानपि सुनिर्लज्जो

वक्तुमिच्छसि साधुभिः।।३६।।

वासुदेवः - भो सुयोधन! ननु क्षिपसि माम्।

दुर्योधनः - ननु सत्यमेवैतत्।

वासुदेवः - गच्छामि तावत्।

दुर्योधनः - गच्छ गच्छ! पशुखुरोद्धतरेणुरूषिताङ्गो व्रजमेव। विफलीकृतः कालः।

वासुदेवः - एवमेवास्तु। न वयमनुक्तसन्देशा गन्तुमिच्छामः - तदाकर्ण्यतां युधिष्ठिरस्य सन्देशः।

दुर्योधनः - आः, अभाष्यस्त्वम्।

अहमवधृतपाणडरातपत्रो

द्विजवरहस्तधृताम्बुसिक्तमूर्धा।

अवनतनृपमण्डलानुयात्रैः

सह कथयामि भवद्विधैर्न भाषे।।३७।।

वासुदेवः - न व्याहरति किल मां सुयोधनः।

भोः,

शठ! बान्धवनिस्नेह!

काक! केकर! पिङ्गल!

त्वदर्थात् कुरुवंशोऽय —

मचिरान्नाशमेष्यति।।३८।।

भो भो राजानः! गच्छामस्तावत्।

दुर्योधनः - कथं यास्यति किल केशवः। दुश्शासन! दुर्मर्षण! दुर्मुख! दुर्बुद्धे! दुष्टेश्वर! दूतसमुदाचारमतिक्रान्तः केशवो बध्यताम्। कथमशक्ताः। दुश्शासन! न समर्थः खल्वसि।

करितुरगनिहन्ता कंसहन्ता सकृष्णः

पशुपकुलनिवासादानुजीव्यानभिज्ञः।

हृतभुजबलवीर्यः पार्थिवानां समक्षं

स्वचनकृतदोषो बध्यतामेष शीघ्रम्।।३९।।

अयमशक्तः। मातुल! बध्यतामयं केशवः। कथं पराङ्मुखः पतति। भवतु अहमेव पाशैर्बध्नामि।

(पाशमुद्यम्योपसर्पति)

वासुदेवः - कथं बद्धुकामो मां किल सुयोधनः। भवतु, सुयोधनस्य सामर्थ्यं पश्यामि। (विश्वरूपमास्थितः)

दुर्योधनः - भो दूत!

सृजसि यदि समन्ताद् देवमायाः स्वमायाः

प्रहरसि यदि वा त्वं दुर्न्निवारैः सुरास्त्रैः।

हयगजवृषभाणां पातनाज्जातदर्पो

नरपतिगणमध्ये बध्यसे त्वं मयाऽद्य।।४०।।

आः तिष्ठेदानीम्। कथं न दृष्टः केशवः। अयं केशवः। अहो ह्रस्वत्वं केशवस्य। आः तिष्ठेदानीम्। कथं न दृष्टः केशवः। अयं केशवः। अहो दीर्घत्वं केशवस्य। कथं न दृष्टः केशवः। अयं केशवः। सर्वत्र मन्त्रशालायां केशवा भवन्ति। किमिदानीं करिष्ये। भवतु, दृष्टम्। भो भो राजानः! एकेनैकः केशवो बध्यतां। कथं स्वयमेव पाशैर्बद्धाः पतन्ति राजानः। साधु भो जम्भक! साधु।

मत्कार्मुकोदरविनिःसृतबाणजालै-

र्विद्धक्षरत्क्षतजरञ्जितसर्वगात्रम्।

पश्यन्तु पाण्डुतनयाः शिबिरोपनीतं

त्वां बाष्परुद्धनयनाः परिनिःश्वसन्तः।।४१।।

(निष्क्रान्तः)

वासुदेवः - भवतु, पाण्डवानां कार्यमहमेव साधयामि। भोः सुदर्शन! इतस्तावत्। (तत प्रविशति सुदर्शनः)

सुदर्शनः - एष भोः!

श्रुत्वा गिरं भगवतो विपुलप्रसादा –

न्निर्धावितोऽस्मि परिवारिततोयदौघः

कस्मिन् खलु प्रकुपितः कमलायताक्षः

कस्याद्य मूर्धनि मया प्रविजृम्भितव्यम्।।४२।।

क्व नु खलु भगवान् नारायणः?

अव्यक्तादिरचिन्त्यात्मा

लोकसंरक्षणोद्यतः।

एकोऽनेकवपुः श्रीमान्

द्विषद्बलनिषूदनः।।४३।।

(विलोक्य) अये अयं भगवान् हस्तिनपुरद्वारे दूतसमुदाचारेणोपस्थितः। कुतः खल्वापः, कुतः खल्वापः। भगवति आकाशगङ्गे! आपस्तावत्। हन्त स्रवति। (आचम्योपसृत्य) जयतु भगवान् नारायणः। (प्रणमति)

वासुदेवः - सुदर्शन! अप्रतिहतपराक्रमो भव।

सुदर्शनः - अनुगृहीतोऽस्मि।

वासुदेवः - दिष्ट्या भवान् कर्मकाले प्राप्तः।

सुदर्शनः - कथं कथं कर्मकाल इति। आज्ञापयतु भगवानाज्ञापयतु।

किं मेरुमन्दरकुलं परिवर्तयामि

संक्षोभयामि सकलं मकरालयं वा।

नक्षत्रवंशमखिलं भुवि पातयामि

नाशक्यमस्ति मम देव! तवप्रसादात्।।४४।।

वासुदेवः - भो सुदर्शन! इतस्तावत्। भोः सुयोधन!

यदि लवणजलं वा कन्दरं वा गिरीणां

ग्रहगणचरितं वा वायुमार्गं प्रयासि।

मम भुजबलयोगप्राप्तसंजातवेगं

भवतु चपल! चक्रं कालचक्रं तवाद्य।।४५।।

सुदर्शनः - भोः सुयोधनहतक! (पुनर्विचार्य) प्रसीदतु प्रसीदतु भगवान् नारायणः।

महीभारापनयनं

कर्तुं जातस्य भूतले

अस्मिन्नेवं गते देव

ननु स्यात् विफलः श्रमः।।४६।।

वासुदेवः - सुदर्शन! रोषात् समुदाचारो नावेक्षितः। गम्यतां स्वनिलयमेव।

सुदर्शनः - यदाज्ञापयति भगवान् नारायणः। कथं कथं गोपालक इति। त्रिचरणातिक्रान्तत्रिलोको नारायणः खल्वत्र भवान्। शरणं व्रजन्तु भवन्तः। यावद् गच्छामि। अये एतद् भगवदायुधवरं शाङ्र्गं प्राप्तम्।

तनुमृदुललिताङ्गं स्त्रीस्वभावोपपन्नं

हरिकरधृतमध्यं शत्रुसंघैककालः।

कनकखचितपृष्ठं भाति कृष्णस्य पार्श्वे

नवसलिलदपार्श्वे चारु विद्युल्लतेव।।४७।।

भो भोः! शाङ्र्ग! प्रशान्तरोषो भगवान् नारायणः। गम्यतां स्वनिलयमेव। हन्त निवृत्तः। यावत् गच्छामि। अये इयं कौमोदकी प्राप्ता।

मणिकनकविचित्रा चित्रमालोत्तरीया

सुररिपुगणगात्रध्वंसने जाततृष्णा।

गिरिवरतटरूपा दुर्निवारातिवीर्या

व्रजति नभसि शीघ्रं मेघवृन्दानुयात्रा।।४८।।

हे कौमोदकी! प्रशान्तरोषो भगवान् नारायणः। हन्त निवृत्ता। यावत् गच्छामि। अये अयं पाञ्चजन्यः प्राप्तः।

पूर्णेन्दुकुन्दकुमुदोदरहारगौरो

नारायणाननसरोजकृतप्रसादः।

यस्य स्वनं प्रलयसागरघोषतुल्यं

गर्भा निशम्य निपतन्त्यसुराङ्गनानाम्।।४९।।

हे पाञ्चजन्य! प्रशानतरोषो भगवान्। गम्यतां स्वनिलयमेव। हन्त निवृत्तः। अये नन्दकासि प्राप्तः।

वनिताविग्रहो युद्धे महासुरभयङ्करः।

प्रयाति गगने शीघ्रं महोल्केव विभत्ययम्।।५०।।

हे नन्दक! प्रशानतरोषो भगवान्। गम्यतां स्वनिलयमेव। हन्त निवृत्तः। यावद् गच्छामि। अये एतानि भगवदायुधवराणि।

सोऽयं खड्गः खरांशोरपहसिततनुः स्वैः करैर्नन्दकाख्यः

सेयं कौमोदकी या सुररिपुकठिनोरःस्थलक्षोददक्षा।

सैषा शाङ्र्गाभिधाना प्रलयखनरवज्यारवाचापयष्टिः

सोऽयं गंभीरघोषः शशिकरविशदः शङ्खराट् पाञ्चजन्यः।।५१।।

हे शाङ्र्ग! कौमोदकि! पाञ्चजन्य!

दैत्यान्तकृन्नन्दक! शत्रुवह्ने!

प्रशान्तरोषो भगवान् मुरारिः

स्वस्थानमेवात्र हि गच्छ तावत्।।५२।।

हन्तनिवृत्ताः। यावद् गच्छामि। अये अत्युद्धूतो वायुः। अतितपत्यादित्यः। चलिताः पर्वताः। क्षुब्धः सागराः। पतिताः वृक्षाः। भ्रान्ता मेघाः। प्रलीना वासुकिप्रभृतयो भुजङ्गेश्वराः। किन्नु खल्विदम्। अये अयं भगवतो वाहनो गरुडः प्राप्तः।

सुरासुराणां परिखेदलब्धं

येनामृतं मातृविमोक्षणार्थम्।

आच्छिन्नमासीद् द्विषतो मुरारे –

स्त्वामुद्वहामीति वरोऽपि दत्तः।।५३।।

हे काश्यपप्रियसुत! गरुड! प्रशान्तरोषु भगवान् देवदेवेशः। गम्यतां स्वनिलयमेव।

हन्त निवृत्तः। यावद् गच्छामि।

एते स्थिता वियति किन्नरयक्षसिद्धाः

देवाश्च संभ्रमचलन्मुकुटोत्तमाङ्गाः।

रुष्टेऽच्युते विगतकान्तिगुणाः प्रशान्तं

श्रुत्वा श्रयन्ति सदनानि निवृत्त तापाः।।५४।।

यावदहमपि कान्तां मेरुगुहामेव यास्यामि।

(निष्क्रान्तः)

वासुदेवः - यावदहमपि पाण्डवशिबिरमेव यास्यामि।

(नेपथ्ये)

न खलु न खलु गन्तव्यम्।

वासुदेवः - अये वृद्धराजस्वर इव। भो राजन्! एष स्थितोऽस्मि।

(ततः प्रविशति धृतराष्ट्रः)

धृतराष्ट्रः - क्वनु खलु भगवान् नारायणः। क्व नु खलु भगवान् पाण्डवश्रेयस्करः। क्वनु खलु भगवान् विप्रप्रियः। क्व ु खलु भगवान् देवकीनन्दनः।

मम पुत्रापराधात् तु

शाङ्र्गपाणे! तवाधुना।

एतन्मे त्रिदशाध्यक्ष!

पादयोः पतितं शिरः।।५५।।

(पतति)

वासुदेवः - हा धिक्! पतितोऽत्र भवान्। उत्तिष्ठोत्तिष्ठ।

धृतराष्ट्रः - अनुगृहीतोऽस्मि। भगवन्! इदमर्घ्यं पाद्यं च प्रतिगृह्यताम्।

वासुदेवः - सर्वं गृह्णामि। किंते भूयः प्रियमुपहरामि।

धृतराष्ट्रः - यदि मे भगवान् प्रसन्नः, किमतःपरमिच्छामि।

वासुदेवः - गच्छतु भवान् पुनर्दर्शनाय।

धृतराष्ट्रः - यदाज्ञापयति भगवान् नारायणः।

(निष्क्रान्तः)

(भरतवाक्यम्)

इमां सागरपर्यन्तां

हिमवद्विन्ध्यकुण्डलाम्।

महीमेकातपत्राङ्कां

राजसिंहः प्रशास्तु नः।।५६।।

(निष्क्रान्ताः सर्वे)

**।। दूतवाक्यं समाप्तम्।।**

# ദൂതവാക്യം

(അനന്തരം നാന്ദിയുടെ അന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

**സൂത്രധാരൻ** - എല്ലാവർക്കും ആനന്ദം നൽകുന്നതും അരുണവർണ്ണമാർന്ന ചെറു നഖങ്ങളോടുകൂടിയവനും ആകാശത്തിൽ നമുചി എന്ന അസുരനെ എറിഞ്ഞതുമായ വിഷ്ണുവിന്റെ പാദം നിങ്ങളെ രക്ഷിക്കട്ടെ. (1)

ഇപ്രകാരം ബഹുമാന്യ സദസ്യരെ ഞാൻ അറിയിച്ചുകൊള്ളുന്നു. ഏയ്, ഞാൻ അറിയിക്കുവാൻ തുടങ്ങവേ എന്താണ് ഒരു ശബ്ദം കേൾക്കുന്നത്. ആട്ടെ, നോക്കട്ടെ.

(അണിയറയിൽ)

ഏയ് ഏയ് ദ്വാരപാലകരെ! മഹാരാജാവായ ദുര്യോധനൻ ആജ്ഞാപിക്കുന്നു.

**സൂത്രധാരൻ** - ശരി, മനസ്സിലായി.

ധൃതരാഷ്ട്രരുടെ മക്കൾക്ക് പാണ്ഡുവിന്റെ മക്കളോട് വിരോധമുണ്ടായപ്പോൾ ദുര്യോധനന്റ ആജ്ഞയനുസരിച്ച് ഭൃത്യൻ മന്ത്രശാല ഒരുക്കുകയാണ് (2)

(പോകുന്നു)

സ്ഥാപന

(അനന്തരം കാഞ്ചുകീയൻ പ്രവേശിക്കുന്നു.)

**കാഞ്ചുകീയൻ** - ഏയ്, ഏയ്, ദ്വാരപാലകൻമാരെ, മഹാരാജാവ് ദുര്യോധനൻ ആജ്ഞാപിക്കുന്നു - ഇന്നു ഞാൻ എല്ലാ രാജാക്കൻമാരുമായി മന്ത്രാലോചന നടത്തുവാനാഗ്രഹിക്കുന്നു. ആയതിനാൽ എല്ലാ രാജാക്കൻമാരേയും വിളിച്ചുവരുത്തിയാലും എന്ന്.

(ചുറ്റിക്കറങ്ങി നോക്കിയിട്ട്)

ഏയ്, അതാ ദുര്യോധന മഹാരാജാവ് ഇങ്ങോട്ടുതന്നെ എഴുന്നള്ളുന്നു. ഇദ്ദേഹമാകട്ടെ -

ശ്യാമവർണ്ണനും യുവാവുമാണ്. മാത്രമല്ല വെൺപട്ടുകൊണ്ട് ഉത്തരീയമിട്ട് കുറിക്കൂട്ടുകളുമണിഞ്ഞ് ആഭരണങ്ങളിലെ രത്നങ്ങളുടെ കാന്തിയാൽ തിളങ്ങുന്ന ശരീരത്തോടുകൂടി ഐശ്വര്യവാനായി വെൺകൊറ്റക്കുട, വെഞ്ചാമരം എന്നീ രാജ ചിഹ്നങ്ങളാൽ നക്ഷത്രമദ്ധ്യത്തിലെ പൂർണ്ണചന്ദ്രനെപ്പോലെ ശോഭിക്കുന്നു (3)

(അനന്തരം നിർദ്ദേശിക്കപ്പെട്ടപോലെ ദുര്യോധനൻ പ്രവേശിക്കുന്നു.)

**ദുര്യോധനൻ** - ഈ യുദ്ധോത്സവം പെട്ടെന്നുണ്ടായതോർത്ത് ക്രോധമെല്ലാം ഒടുങ്ങിയപോലെയുള്ളതും സന്തോഷത്തോടുകൂടിയതുമായിത്തീർന്ന നമ്മുടെ ഹൃദയം പാണ്ഡവസേനയിലെ ഗജവീരൻമാരുടെ മുഖങ്ങളിലെ ഉലക്കകൾ പോലെയുള്ള കൊമ്പുകൾ വെട്ടിമുറിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു (4)

**കാഞ്ചുകീയൻ** - മഹാരാജാവു ജയിച്ചാലും. മഹാരാജാവിന്റെ കൽപ്പനയാൽ മുഴുവൻ രാജാക്കൻമാരെയും വരുത്തിയിരിക്കുന്നു.

**ദുര്യോധനൻ** - വേണ്ടപോലെ ചെയ്തിരിക്കുന്നു. നിങ്ങൾ അന്തഃപ്പുരത്തിൽ പ്രവേശിച്ചാലും.

**കാഞ്ചുകീയൻ** - കൽപ്പിക്കുംപോലെ മഹാരാജൻ (പോയി)

**ദുര്യോധനൻ** - ശ്രേഷ്ഠൻമാരായ വൈകർണ്ണവർഷദേവന്മാരേ! പറഞ്ഞാലും - നമുക്ക് പതിനൊന്നക്ഷൗഹിണിയുടെ സൈന്യമാണുള്ളത്. അതിന്റെ സേനാപതിയാകാൻ ആരാണ് യോഗ്യനായുള്ളത്? എന്ത്? എന്താണ് ഭവാന്മാർ പറഞ്ഞത്? മഹത്തായൊരു കാര്യമാണല്ലോ ഇത്. കൂടിയാലോചിച്ചിട്ട് പറയേണ്ടതാണെന്നോ? അതു ശരിയാണ്. എന്നാൽ വന്നാലും, മന്ത്രശാലയിലേക്കുതന്നെ നമുക്കു പോകാം. ആചാര്യ! ഞാൻ അഭിവാദ്യം ചെയ്യുന്നു. അവിടുന്ന് മന്ത്രശാലയിലേക്ക് പ്രവേശിച്ചാലും. മാതുല! ഞാൻ അഭിവാദ്യം ചെയ്യുന്നു. അവിടുന്ന് മന്ത്രശാലയിലേക്ക് പ്രവേശിച്ചാലും. ശ്രേഷ്ഠന്മാരായ വൈകർണ്ണവർഷദേവന്മാരേ! ഭവാൻമാർ പ്രവേശിച്ചാലും. അല്ലയോ സർവ്വക്ഷത്രിയൻമാരേ! ഭവാന്മാർ യഥേഷ്ടം പ്രവേശിച്ചാലും, സുഹൃത്തേ കർണ്ണ! നമുക്കും പ്രവേശിക്കാം.

(പ്രവേശിച്ചിട്ട്)

ആചാര്യ! ഇതാ, കൂർമ്മാസനം, ഇരുന്നാലും. പിതാമഹ! ഇതാ സിംഹാസനം, ഇരുന്നാലും. മാതുല! ഇതാ ചർമ്മാസനം, ഇരുന്നാലും. ശ്രേഷ്ഠന്മാരായ വൈകർണ്ണവർഷദേവന്മാരേ! ഇരുന്നാലും ഭവാന്മാർ. അല്ലയോ ക്ഷത്രിയന്മാരേ! ഭവാന്മാരും യഥേഷ്ടം ഇരുന്നാലും. എന്താണ് എന്താണ്? മഹാരാജൻ ഇരുന്നില്ല എന്നോ? അത്ഭുതം തന്നെ സേവാധർമ്മം, ശരി ഈ നാമും ഇരിക്കുന്നു. വയസ്യ കർണ്ണ! താങ്കളും ഇരിക്കുക. (ഇരുന്നിട്ട്) ശ്രേഷ്ഠരായ വൈകർണ്ണവർഷദേവൻമാരേ! പറഞ്ഞാലും - നമുക്ക് പതിനൊന്നക്ഷൗഹിണിയുടെ സൈന്യമുണ്ട്. അതിന് ആരാണ് സേനാപതിയാകാൻ അർഹനായുള്ളത് എന്ന്. എന്താണ് ഭവാന്മാർ പറഞ്ഞത്- ബഹുമാന്യനായ ഗാന്ധാരരാജൻ പറയുമെന്നോ? ആകട്ടെ. മാതുലനാൽ അറിയിക്കപ്പെട്ടാലും. മാതുലൻ എന്താണുപറഞ്ഞത് - ബഹുമാന്യനായ ഗാംഗേയനുള്ളപ്പോൾ (ഭീഷ്മർ) മറ്റാരാണ് സേനാപതിയാകാൻ യോഗ്യനെന്നോ? ശരിയാണ് മാതുലൻ പറഞ്ഞത്. ആകട്ടെ പിതാമഹൻ തന്നെയാകട്ടെ. നാമും അതുതന്നെ ആഗ്രഹിക്കുന്നു.

കൊടുങ്കാറ്റടിച്ചിരമ്പുന്ന മഹാസാഗരത്തിന്റെ ശബ്ദം പോലെ ഗംഭീരമായ സേനയുടെ ശബ്ദത്തോടിടകലർന്ന പെരുമ്പറകളുടെ ശബ്ദം ശംഖുകളുടെ നാദം എന്നിവയോടുകൂടി ഗംഗാപുത്രന്റെ ശിരസ്സിൽ പതിക്കുന്ന അഭിഷേകജലത്തോടൊപ്പം രാജാക്കൻമാരുടെ ഹൃദയങ്ങളും പതിക്കട്ടെ.(5)

(പ്രവേശിച്ചിട്ട്)

**കാഞ്ചുകീയൻ** - ജയിക്കട്ടെ മഹാരാജൻ. പാണ്ഡവശിബിരത്തിൽ നിന്ന് ദൂതനായി പുരുഷോത്തമനായ നാരായണൻ ആഗതനായിരിക്കുന്നു.

**ദുര്യോധനൻ** - വേണ്ട അത്രത്തോളം, ഏയ് ബാദരായണ! എന്ത് എന്ത്? കംസഭൃത്യൻ ദാമോദരനോ നിനക്ക് പുരുഷോത്തമൻ? ആ ഗോപാലകനോ നിനക്ക് പുരുഷോത്തമൻ? ബൃഹദ്രഥന്റെ പുത്രനാൽ (ജരാസന്ധൻ - കംസന്റെ ഭാര്യാ പിതാവ്) അപഹരിക്കപ്പെട്ട രാജ്യം, കീർത്തി, സുഖം എന്നിവയോടുകൂടിയവനോ നിനക്ക് പുരുഷോത്തമൻ? അത്ഭുതം തന്നെ! പാർത്ഥിവന്മാരെ ആശ്രയിച്ചു കഴിയുന്ന ഭൃത്യജനത്തോടുള്ള ഈ ഉപചാരം. ഗർവ്വോടുകൂടിയതാണല്ലോ ഇവന്റെ വചനം. ഹാ നീച!

**കാഞ്ചുകീയൻ** - പ്രസാദിച്ചാലും മഹാരാജൻ, സംഭ്രമത്താൽ ഉപചാരം മറന്നതാണ് (കാൽക്കൽ വീഴുന്നു.)

**ദുര്യോധനൻ** - സംഭ്രമമെന്നോ, ആഹാ മനുഷ്യർക്കുള്ളതുതന്നെയാണല്ലോ സംഭ്രമം. എഴുന്നേൽക്ക് എഴുന്നേൽക്ക്.

**കാഞ്ചുകീയൻ** - ഞാൻ അനുഗൃഹീതനായി

**ദുര്യോധനൻ** - ഇപ്പോൾ നാം പ്രസന്നനായി, ദൂതനായി വന്നവൻ ആരാണ്?

**കാഞ്ചുകീയൻ** - ദൂതനായി വന്നത് കേശവൻ

**ദുര്യോധനൻ** - കേശവനോ? അതു കൊള്ളാം. ഇതുതന്നെയാണ് നടപടിക്രമം. അല്ലയോ രാജാക്കൻമാരേ! ദൂതനായി വന്ന കേശവന് എന്താണ് യുക്തമായുള്ളത്. ഭവാന്മാർ എന്താണ് പറഞ്ഞത്, അർഘ്യപാദ്യങ്ങളാൽ പൂജിക്കപ്പെടേണ്ടവനാണ് കേശവൻ എന്നോ? ഇത് നമുക്ക് രുചിക്കുന്നില്ല. അവനെ ഇപ്പോൾ പിടിച്ചു കെട്ടുകയാണ് യുക്തമെന്ന് നാം വിചാരിക്കുന്നു.

വാസുദേവൻ ബന്ധിക്കപ്പെട്ടുകഴിയുമ്പോൾ പാണ്ഡവന്മാർ കണ്ണ് നഷ്ടപ്പെട്ടവരെപ്പോലെയായിത്തീരും. അങ്ങനെ പാണ്ഡവന്മാർ ഗതിയും ബുദ്ധിയുമില്ലാത്തവരാകുമ്പോൾ ശത്രുക്കളില്ലാത്ത ഭൂമി മുഴുവനും നമ്മുടേതായിത്തീരും.(6)

മാത്രമല്ല ഇവിടെ യാതൊരാൾ കേശവനെ എഴുന്നേറ്റ് സ്വീകരിക്കുമോ, അയാൾ പന്ത്രണ്ട് ഭാരം സ്വർണ്ണത്താൽ ശിക്ഷിക്കപ്പെടുവാൻ അർഹനായിരിക്കും. അതുകൊണ്ട് ഭവാന്മാർ പിഴവുപറ്റാത്തവരായിരിക്കുക. (ആത്മഗതം) എഴുന്നേൽക്കാതിരിക്കാൻ എന്താണ് നമുക്കൊരുപായം? ങ്ഹാ, ഒരുപായമുണ്ട് (പ്രകാശം) ബാദരായണ! ആ ചിത്രപടം കൊണ്ടുവരൂ. ദ്രൗപദിയുടെ തലമുടിയും വസ്ത്രവും പിടിച്ചുവലിക്കുന്നത് എഴുതിയിട്ടുള്ളത്. (തിരിഞ്ഞ്) അതിൽ നോക്കിക്കൊണ്ടിരിക്കുമ്പോൾ നാം കേശവൻ വരുമ്പോൾ എഴുന്നേൽക്കേണ്ടതില്ലല്ലോ.

**കാഞ്ചുകീയൻ** - ആജ്ഞാപിക്കുംപോലെ മഹാരാജൻ. (പോയി വീണ്ടും പ്രവേശിച്ചിട്ട്) ജയിക്കട്ടെ മഹാരാജൻ. ഇതാ ആ ചിത്രപടം.

**ദുര്യോധനൻ** - നമ്മുടെ മുന്നിലായി നിവർത്തിവയ്ക്കുക.

**കാഞ്ചുകീയൻ** - ആജ്ഞാപിക്കുംപോലെ മഹാരാജൻ. (നിവർത്തിവയ്ക്കുന്നു.)

**ദുര്യോധനൻ** - അത്ഭുതം! കാണേണ്ടതുതന്നെയാണ് ഈ ചിത്രപടം. ഈ ദുശ്ശാസനൻ ദ്രൗപദിയുടെ തലമുടി കൈകൊണ്ട് പിടിച്ചു വലിക്കുന്നു. ഈ ദ്രൗപദിയാകട്ടെ,

ദുശ്ശാസനനാൽ പിടിച്ചുവലിക്കപ്പെട്ട് സംഭ്രമത്താൽ തുറിച്ച കണ്ണുകളോട് കൂടിയവളായിട്ട് രാഹുവിന്റെ വായിലകപ്പെട്ട ചന്ദ്രക്കലപോലെ ശോഭിക്കുന്നു. (7)

ഈ ദുരാത്മാവായ ഭീമൻ സർവ്വരാജാക്കന്മാരുടേയും സമക്ഷം അപമാനിതയായ ദ്രൗപദിയെക്കണ്ടിട്ട് വർദ്ധിച്ച അമർഷത്തോടുകൂടിയവനായി സഭാ മണ്ഡപത്തിന്റെ തൂണ് പിഴുതെടുക്കാനൊരുങ്ങുന്നു.

ഇതാ യുധിഷ്ഠിരൻ,

സത്യം, ധർമ്മം, ദയ എന്നിവയോടും ചൂതുകളിയാൽ നഷ്ടപ്പെട്ട ചേതനയോടും കൂടിയവനായിട്ട് കടക്കൺ ചലനങ്ങളാൽ വൃകോദരനെ ശാന്തമാക്കപ്പെട്ട അമർഷത്തോടുകൂടിയവനാക്കുന്നു. (8)

ഇപ്പോൾ ഈ അർജ്ജുനനാകട്ടെ,

രോഷാകുലമായ കണ്ണുകളോടും വിറക്കുന്ന അധരോഷ്ഠങ്ങളോടും കൂടി ശത്രുമണ്ഡലത്തെ പുല്ലുപോലെ കരുതിയിട്ട് സർവ്വരാജാക്കൻമാരെയും നശിപ്പിക്കുവാൻ തുനിയും പോലെ മെല്ലെ ഗാണ്ഡീവത്തിന്റെ ഞാൺ വലിക്കുന്നു. (9)

ഈ യുധിഷ്ഠിരൻ അർജ്ജുനനെ തടയുന്നു. ഇതാ നകുലസഹദേവൻമാർ,

യുദ്ധത്തിന് തയ്യാറെടുത്തവരും ഉറയിലുള്ള വാൾപ്പിടിയിൽ കൈപിടിച്ചവരും കോപം കൊണ്ട് ചുവന്നമുഖത്തോടുകൂടിയവരും ചുണ്ടുകൾ കൂട്ടിക്കടിച്ചിരിക്കുന്നവരും മരണശങ്കയില്ലാത്തവരുമായിട്ട് രണ്ടുമാൻകുട്ടികൾ സിംഹത്തെയെന്നപോലെ പരാക്രമത്തോടുകൂടി എന്റെ സഹോദരന്റെ നേരെ പെട്ടെന്ന് ചെല്ലുന്നു. (10)

ഈ യുധിഷ്ഠിരൻ കുമാരന്മാരെ സമീപിച്ച് തടയുന്നു.

നീചൻ ഞാൻ തന്നെയാണ്. അല്ലെങ്കിൽ എങ്ങനെ ഞാൻ വിപരീതബുദ്ധിയോടുകൂടിയവനായി. അതുകൊണ്ട് നയവും നയമില്ലായ്മയും അറിയുന്ന നിങ്ങൾ ഇരുവരും ഇപ്പോൾ രോഷം പരിത്യജിച്ചാലും. ചൂതുകളിയിലേർപ്പെട്ടതുകൊണ്ടുണ്ടായ അപമാനം സഹിക്കാൻ കഴിയാത്തവരായിട്ട് സകല ജീവജാലങ്ങളിലും വെച്ച് നിന്ദിക്കപ്പെട്ട പരാക്രമത്തോടുകൂടിയവരായിത്തീരാൻ ഇടയാകും. (11)

എന്ന്. ഈ ഗാന്ധാരരാജൻ,

ധൂർത്തനായ അദ്ദേഹം പകിടകൾ നിക്ഷേപിക്കുന്നവനായും ഗർവ്വോടുകൂടി പൊട്ടിച്ചിരിക്കുന്നവനായും സ്വന്തം കീർത്തിയാൽ ശത്രുക്കളുടെ സന്തോഷത്തെ കുറക്കുന്നവനായും സ്വൈരമായി ഇരുന്നുകൊണ്ട്, ആ നയജ്ഞൻ കരയുന്നവളായ ദ്രൗപദിയെ കടക്കണ്ണുകൊണ്ട് നോക്കുന്നവനായും എഴുതിയിരിക്കുന്നു. (12)

ഈ ആചാര്യപിതാമഹന്മാർ അവളെക്കണ്ടിട്ട് ലജ്ജിതരായി വസ്ത്രത്തുമ്പിൽ മുഖം ഒളിപ്പിച്ചു നിൽക്കുന്നു. അത്ഭുതം തന്നെ ഇതിന്റെ വർണ്ണപ്പൊലിമ. അതിശയം തന്നെ ഭാവസമ്പന്നത. ആശ്ചര്യം തന്നെ എല്ലാം ചേർന്ന ചിത്രമെഴുത്ത്. വളരെ വ്യക്തമായ എഴുതിയിരിക്കുന്നു ഈ ചിത്രപടം. നാം സന്തുഷ്ടനായിരിക്കുന്നു. ആരവിടെ ?

**കാഞ്ചുകീയൻ** - മഹാരാജാവ് ജയിക്കട്ടെ.

(പോയി)

**ദുര്യോധനൻ** - സുഹൃത്തേ കർണ്ണ

പാണ്ഡവന്മാരുടെ വാക്കുകേട്ട് ഇന്ന് കുബുദ്ധിയായ ആ കൃഷ്ണൻ ദൂതനായിട്ട് ഭൃത്യനേപ്പോലെ ഇവിടെ എത്തിച്ചേർന്നുവത്രെ. അല്ലയോ സുഹൃത്തേ കർണ്ണ, ഭവാനും സ്ത്രീകളുടേതുപോലെ മൃദുലങ്ങളായ യുധിഷ്ഠിരന്റെ വാക്കുകളെ കേൾക്കുന്നതിന് ഇരു ചെവികളേയും സജ്ജമാക്കുക.(13)

(അനന്തരം വാസുദേവനും കാഞ്ചുകീയനും പ്രവേശിക്കുന്നു.)

**വാസുദേവൻ** - ഇന്നാകട്ടെ ധർമ്മരാജനന്റെ വചനത്താലും ധനഞ്ജയനോടുള്ള അകൃത്രിമമായ മിത്രതകാരണമായും യുദ്ധത്തിൽ അഹംഭാവമുള്ളവനും പറയുന്നത് ഗ്രഹിക്കാത്തവനുമായ ദുര്യോധനനുമായി ഞാൻ അനുചിതമായ ദൗത്യകർമ്മത്തിൽ ഏർപ്പെട്ടവനായി. അതുമാത്രമല്ല,

ദ്രൗപദിക്കുണ്ടായ അപമാനത്തിൽ നിന്നുത്ഭവിച്ച്, യുദ്ധത്തിൽ ശത്രുസൈന്യത്തിലെ ഗജശ്രേഷ്ഠന്മാരുടെ മസ്തകങ്ങളെ പിളർക്കാൻ ശക്തിയുള്ള ഉഗ്രമായ ഗദയെ ധരിക്കുന്ന ഭീമന്റെ ക്രോധാഗ്നിയും അർജ്ജുനന്റെ ബാണങ്ങളാകുന്ന കൊടുങ്കാറ്റും കൂടിച്ചേർന്ന് കുരുവംശമാകുന്ന വനം നഷ്ടമായിരിക്കുന്നു. (14)

ഇതാ സുയോധന ശിബിരം. ഇവിടെയാകട്ടെ,

രാജാക്കൻമാരുടെ വാസസ്ഥാനങ്ങൾ അമരാപുരിക്ക്തുല്യം സ്വൈരമായി സ്ഥിതിചെയ്യുന്നു. വിശാലങ്ങളായ ആയുധപ്പുരകൾ പല വിധത്തിലുള്ള ആയുധങ്ങളാൽ നിറക്കപ്പെട്ടിരിക്കുന്നു.

ലായത്തിലുള്ള കുതിരകളുടെ കൂട്ടങ്ങൾ ശബ്ദിക്കുന്നു. ആനകൾ അലറുന്നു. ഇങ്ങനെ വർദ്ധിച്ച ഐശ്വര്യത്തോടുകൂടിയ ഇത് സ്വജനങ്ങളുടെ പരിഭവത്താൽ നാശമടുത്തതായിരിക്കുന്നു. (15)

ഭോ കഷ്ടം!

ദോഷം പറയുന്നവനും ഗുണങ്ങളെ വെറുക്കുന്നവനും, ധൂർത്തനും, സ്വജനങ്ങളോട് ദയയില്ലാത്തവനും ആയ സുയോധനൻ നമ്മെക്കണ്ടിട്ട് വേണ്ടപോലെ ഒന്നും ചെയ്യുകയില്ല. (16)

എടോ ബാദരായണ! പ്രവേശിക്കാം അല്ലെ? !

**കാഞ്ചുകീയൻ** - തീർച്ചയായും. പ്രവേശിക്കുന്നതിന് അർഹനാണ് പത്മനാഭൻ.

**വാസുദേവൻ** - (പ്രവേശിച്ചിട്ട്) എന്ത്? എന്ത്? നമ്മെക്കണ്ടിട്ട് സംഭ്രാന്തരായോ സർവ്വ ക്ഷത്രിയൻമാരും? വേണ്ട, സംഭ്രമിക്കേണ്ട ആവശ്യമില്ല. നാം നേരത്തേ അറിയിച്ച ശിക്ഷ ഓർക്കണം. നമ്മാൽ ആജ്ഞാപിക്കപ്പെട്ടതാണല്ലോ?

**വാസുദേവൻ** - (അടുത്തു ചെന്നിട്ട്) ഏയ് സുയോധന! എന്ത് ഇരിക്കുകയാണോ?

**ദുര്യോധനൻ** - (സിംഹാസനത്തിൽ നിന്ന് വീണിട്ട്, ആത്മഗതം) സംശയമില്ല, കേശവൻ എത്തിയിരിക്കുന്നു.

ഉത്സാഹത്തോടുകൂടി മനസ്സുറപ്പിച്ച് ശ്രദ്ധയോടിരുന്ന നാം കേശവന്റെ പ്രഭാവത്താൽ സിംഹാസനത്തിൽ നിന്നും ചലനം സംഭവിച്ചവനായി. (17)

അമ്പോ! വലിയ മായാവിയാണ് ഈ ദൂതൻ. (പ്രകാശം) ഭോ ദൂത! ഈ സിംഹാസനത്തിലിരുന്നാലും.

**വാസുദേവൻ** - ആചാര്യ ! ഇരുന്നാലും. ഭീഷ്മപ്രമുഖൻമാരായ രാജാക്കൻമാരേ! നിങ്ങൾ യഥേഷ്ടം ഇരുന്നാലും, നാമും ഇരിക്കുന്നു. (ഇരുന്നിട്ട്) അത്ഭുതം! കാണേണ്ടതുതന്നെയാണ് ഈ ചിത്രപടം. വേണ്ട അത്രത്തോളം. ദ്രൗപദിയുടെ മുടിയും വസ്ത്രവും പിടിച്ചുവലിക്കുന്നത് മാത്രമാണ് എഴുതിയിരിക്കുന്നത്. അത്ഭുതം തന്നെ!

ഈ സുയോധനൻ ബാലിശത്താൽ സ്വജനങ്ങളെ അപമാനിക്കുക എന്നത് പരാക്രമമാണെന്ന് കരുതുന്നു. ലോകത്തിൽ നിർദ്ദയനായ ഏതൊരുവനാണ് സഭകളിൽ സ്വയം സ്വന്തം ദോഷത്തെ തുറന്നുകാട്ടുന്നത്. (18)

ങ്ഹേ.. എടുത്തു മാറ്റൂ ഈ ചിത്രപടം.

**ദുര്യോധനൻ** - ബാദരായണ! എങ്കിൽ എടുത്തുമാറ്റൂ ഈ ചിത്രപടം.

**കാഞ്ചുകീയൻ** - ആജ്ഞാപിക്കുംപോലെ മഹാരാജൻ

(എടുത്തുമാറ്റുന്നു.)

**ദുര്യോധനൻ** - ഹേ ദൂത!

ധർമ്മപുത്രർ, വായുപുത്രൻ ഭീമൻ, ഇന്ദ്രപുത്രനായ എന്റെ സഹോദരൻ അർജ്ജുനൻ, വിനീതൻമാരും ഇരട്ടകളുമായ അശ്വിനീപുത്രൻമാർ എന്നിവരെല്ലാവരും ഭൃത്യൻമാരോടുകൂടി സുഖമായിരിക്കുന്നുവല്ലോ? (19)

**വാസുദേവൻ** - ഇത് ഗാന്ധാരീപുത്രനു ചേർന്നതു തന്നെ. പിന്നല്ലാതെ, എല്ലാവരും സുഖമായിരിക്കുന്നു. താങ്കളുടെ രാജ്യത്തിനും ശരീരത്തിനും അകവും പുറവും കുശലവും സുഖവും അന്വേഷിച്ചിട്ട് യുധിഷ്ഠിരൻ തുടങ്ങിയ പാണ്ഡവന്മാർ അറിയിക്കുന്നു.

വലിയ ദുഃഖത്തെ അനുഭവിച്ചു. സമയം സമ്പൂർണ്ണമാകുകയും ചെയ്തു. യാതൊന്നാണോ ഞങ്ങൾക്ക് ധാർമ്മികമായി പിതാവിന്റെ വകയായി ഉള്ളത് അത് പകുത്തു തന്നാലും. (20) എന്ന്.

**ദുര്യോധനൻ** - എങ്ങനെ? എങ്ങനെ? പിതാവിന്റെ വകയായുള്ളതെന്നോ?

നമ്മുടെ കൊച്ചച്ഛൻ വനത്തിൽ വെച്ച് നായാട്ടിൽ വ്യാപരിച്ചപ്പോൾ അപരാധം പ്രവർത്തിച്ചതിന്റെ ഫലമായി മുനിശാപം കിട്ടുകയുണ്ടായി. അന്നുമുതൽ ഭാര്യമാരിൽ താൽപ്പര്യമില്ലാത്തവനായി കഴിഞ്ഞ അദ്ദേഹം അന്യർക്കു പിറന്ന മക്കളുടെ പിതൃത്വത്തെ എങ്ങനെ വഹിക്കും?(21)

**വാസുദേവൻ** - പുരാണമറിയുന്ന ഭവാനോട് ഞാൻ ചോദിക്കട്ടെ.

വിഷയാസക്തനായ വിചിത്രവീര്യൻ ക്ഷയരോഗിയായി മരണപ്പെട്ടതിൽപ്പിന്നെ അംബികയിൽ വ്യാസനാൽ ജനിപ്പിക്കപ്പെട്ട നിങ്ങളുടെ പിതാവ് ധൃതരാഷ്ട്രർക്ക് എങ്ങനെ രാജ്യം ലഭിക്കും?

അരുത് അരുത് ഭവാൻ

അല്ലയോ രാജാവേ, ഇപ്രകാരം പരസ്പരവിരോധം വർദ്ധിപ്പിക്കുന്നതിലൂടെ കുരുവംശം പെട്ടെന്ന് നാമാവശേഷമാകും. അതുകൊണ്ട് ഭവാൻ ക്രോധം കളഞ്ഞ് യുധിഷ്ഠിരൻ ആദിയായവർ സ്നേഹത്തോടുകൂടി എന്താണോ നിങ്ങളോടു പറയുന്നത് അതു ചെയ്യുക. (23)

**ദുര്യോധനൻ** - ഹേ ദൂത! ഭവാന് രാജ്യ നിയമം അറിയില്ല എന്നുണ്ടോ?

സമാനചിത്തരായ രാജകുമാരൻമാർ ശത്രുക്കളെ ജയിച്ചിട്ട് രാജ്യാധികാരത്തെ അനുഭവിക്കണം. അതാകട്ടെ ലോകത്തിൽ ആരാലും യാചിക്കപ്പെടേണ്ടതോ ദുഃഖിതർക്കായി നൽകപ്പെടേണ്ടതോ അല്ല. ഇനി രാജത്വം കിട്ടണമെന്നാണ് ആഗ്രഹമെങ്കിൽ വൈകാതെ അവർ സാഹസം പ്രവർത്തിക്കട്ടെ. അതുമല്ല, ശാന്തചിത്തരായി സ്വൈരമായിക്കഴിയാനാണ് ആഗ്രഹമെങ്കിൽ ആശ്രമത്തെ പ്രാപിക്കട്ടെ. (24)

**വാസുദേവൻ** - ഹേ സുയോധന! ബന്ധുക്കളെക്കുറിച്ചുള്ള പരുഷഭാഷണം മതിയാക്കൂ.

പുണ്യസഞ്ചയത്താൽ കൈവന്ന ആ രാജൈശ്വര്യത്തെ പ്രാപിച്ചിട്ട് യാതൊരുവനാണോ സുഹൃത്തുക്കളേയും ബന്ധുക്കളേയും വഞ്ചിക്കുന്നത് അവന്റെ പരിശ്രമം വിഫലമായിത്തീരും. (25)

**ദുര്യോധനൻ** - ഹേ ദൂത!

നിങ്ങളുടെ പിതാവിന്റെ അളിയനും രാജാവുമായ കംസനോട് നിങ്ങൾക്ക് ദയയുണ്ടായില്ല. പിന്നെങ്ങനെയാണ് നിത്യവും ഉപദ്രവകാരികളായ അവരിൽ (പാണ്ഡവന്മാരിൽ) ഞങ്ങൾക്കതുണ്ടാകുന്നത്?(26)

**വാസുദേവൻ** - അത് നമ്മുടെ ദോഷംകൊണ്ടല്ലെന്നറിയുക.

നമ്മുടെ മാതാവിനെ പലവട്ടം പുത്രവിയോഗത്താൽ ദുഃഖിതനാക്കിയിട്ട് വൃദ്ധനായ സ്വന്തം അച്ഛനെ ബന്ധിച്ചിട്ട് അവൻ മൃത്യുവിനാൽ സ്വയം കൊല്ലപ്പെട്ടവനായി. (27)

**ദുര്യോധനൻ** - എല്ലാത്തരത്തിലും കംസൻ നിന്നാൽ വഞ്ചിതനായി. ആത്മപ്രശംസ മതിയാക്കൂ. ഇത് ശൗര്യമല്ല. നോക്കൂ

മരുമകന്റെ നാശത്തിൽ ദുഃഖിതനായ മഗധേശ്വരൻ ക്രൂദ്ധനായപ്പോൾ ഭയന്നോടിയവനായ നിന്റെ ഈ ശൗര്യം എവിടെപ്പോയിരുന്നു. (28)

**വാസുദേവൻ** - ഹേ സുയോധന, നയമുള്ളവർക്ക് ദേശം, കാലം, അവസ്ഥ എന്നിവയെ അപേക്ഷിച്ചാണല്ലോ ശൗര്യം. നമ്മെപ്പറ്റിയുള്ള പരിഹാസം ഇവിടെ നിൽക്കട്ടെ. സ്വന്തം കമെ നിറവേറ്റിയാലും.

സഹോദരങ്ങളോട് സ്നേഹമായി പെരുമാറണം. ഗുണമല്ലാത്തതെല്ലാം മറക്കണം. ബന്ധുക്കളുമായുള്ള സംബന്ധമാണ് രണ്ടുലോകങ്ങളിലും ശ്രേയസ്കരമായിട്ടുള്ളത്.(29)

**ദുര്യോധനൻ** - ദേവന്മാരുടെ മക്കൾക്ക് മനുഷ്യരുമായി ബന്ധുത്വം എങ്ങനെ ഉണ്ടാകാനാണ്. ചർവ്വിതചർവ്വണം ചെയ്ത ആ കഥ ഇത്രത്തോളം മതി. നിർത്തിയാലും.(30)

**വാസുദേവൻ** - (ആത്മഗതം)

സാമവാക്കുകൾ കൊണ്ട് പ്രസാദിപ്പിക്കപ്പെട്ടാലും ഇവൻ സ്വഭാവം കളയുകയില്ല. കഷ്ടം തന്നെ അതുകൊണ്ട് പരുഷവാക്കുകൾ പറഞ്ഞ് ഇവനെ നാം ക്ഷോഭിപ്പിക്കാം(31)

(പ്രകാശം)

ഹേ സുയോധന, അറിയില്ലേ നിനക്ക് അർജ്ജുനന്റെ ബലവും പരാക്രമവും.

**ദുര്യോധനൻ** - നമുക്കറിയില്ല.

**വാസുദേവൻ** - എന്നാൽ കേട്ടോളൂ

കിരാതന്റെ ശരീരം പൂണ്ട പശുപതിയെ യുദ്ധം ചെയ്ത് സന്തോഷിപ്പിച്ചവനും, അഗ്നി ഖാണ്ഡവവനത്തെ ദഹിപ്പിച്ചപ്പോൾ അമ്പുകൾകൊണ്ട് പെരുമഴയെ തടഞ്ഞവനും ദേവേന്ദ്രന് ദുഃഖമുണ്ടാക്കുന്നവരായ നിവാതകവചന്മാരെ കളിയെന്നോണം നശിപ്പിച്ചവനും ഒറ്റക്ക് വിരാടനഗരത്തിൽ വെച്ച് ഭീഷ്മാദികളെ നിഃശ്ശേഷം ജയിച്ചവനുമാണ്.(32)

മാത്രമല്ല, നിനക്കുകൂടി നേരിട്ടറിവുള്ള മറ്റൊന്ന് നാം പറയാം.

ഘോഷയാത്രാവേളയിൽ ചിത്രസേനനാൽ ആക്രമിക്കപ്പെട്ട് ആകാശത്തിലൂടെ നയിക്കപ്പെട്ടപ്പോൾ നിലവിളിച്ച നീ അർജ്ജുനനാലാണല്ലോ മോചിപ്പിക്കപ്പെട്ടത്?(33) എന്തിനധികം,

ഹേ ധൃതരാഷ്ട്രപുത്ര, നമ്മുടെ വാക്കു കേട്ടിട്ട് രാജ്യത്തിന്റെ പകുതി നീ കൊടുക്കണം. മറിച്ചായാൽ പാണ്ഡവൻമാർ സമുദ്രപര്യന്തമുള്ള ഭൂമിയെ കൈക്കലാക്കും. (34)

**ദുര്യോധനൻ** - എങ്ങനെ എങ്ങനെ? പാണ്ഡവന്മാർ കൈക്കലാക്കുമെന്നോ?

യുദ്ധത്തിൽ ഭീമകർമ്മങ്ങൾ ചെയ്യുന്ന വായു പ്രഹരിച്ചാലും, സാക്ഷാൽ ഇന്ദ്രൻ അർജ്ജുനന്റെ രൂപത്തിൽ പ്രഹരിച്ചാലും പരുഷമായ വാക്കുകൾ പറയുന്നതിൽ സാമർത്ഥ്യമുള്ളവനേ, നിന്റെ വാക്കുകൾ കേട്ടിട്ട് പിതാവിനാൽ അനുഭവിക്കപ്പെട്ടതും വീര്യത്താൽ സംരക്ഷിക്കപ്പെട്ടതുമായ നമ്മുടെ സ്വന്തം രാജ്യത്തിലെ ഒരു പുൽക്കൊടു പോലും നാം നൽകുകയില്ല. (35)

**വാസുദേവൻ** - ഹേ കുരുകുലത്തിന് കളങ്കം വരുത്തിയവനേ, ദുഷ്കീർത്തിയിൽ ലോഭമുള്ളവനേ നാമാണല്ലോ തൃണമദ്ധ്യമായി സംസാരിക്കുന്നവർ.

**ദുര്യോധനൻ** - ഹേ ഗോപാലകാ, തൃണമദ്ധ്യമായി സംസാരിക്കുവാൻ ഭവാനാണ് യോഗ്യൻ.

കൊല്ലാൻ പാടില്ലാത്ത സ്ത്രീയേയും, കുതിരയേയും, ശ്രേഷ്ഠനായ കാളയേയും, ഗുസ്തിക്കാരൻമാരേയും കൊന്നിട്ട് നാണമില്ലാതെ സജ്ജനങ്ങളോടുകൂടി സംഭാഷണത്തിന് നീ ആഗ്രഹിക്കുന്നുവോ? (36)

**വാസുദേവൻ** – ഹേ സുയോധന, നമ്മെ ആക്ഷേപിക്കുകയാണല്ലേ?

**ദുര്യോധനൻ** – അത് സത്യം തന്നെയാണല്ലോ?

**വാസുദേവൻ** – എങ്കിൽ നാം പോകുന്നു.

**ദുര്യോധനൻ** – പോയ്ക്കോളൂ, പശുക്കളുടെ കുളമ്പിനാലുയർത്തപ്പെട്ട പൊടികൊണ്ടു മൂടിയ ശരീരത്തോടുകൂടിയവനേ, നീ അമ്പാടിയിലേക്കുതന്നെ പൊയ്ക്കൊള്ളൂ. സമയം വെറുതെ കളഞ്ഞു.

**വാസുദേവൻ** – അങ്ങനെതന്നെയാവട്ടെ. പക്ഷേ സന്ദേശമറിയിക്കാതെ പോകാൻ ഞാനാഗ്രഹിക്കുന്നില്ല. അതുകൊണ്ട് യുധിഷ്ഠിരന്റെ സന്ദേശം കേട്ടുകൊള്ളൂ.

**ദുര്യോധനൻ** – ആഹാ. നീ നമ്മോട് പറയുവാൻ യോഗ്യനല്ല.

വെൺകൊറ്റക്കുട ചൂടിയവരും ബ്രാഹ്മണശ്രേഷ്ഠന്മാരുടെ കൈകളാൽ മന്ത്രപൂതമായ ജലത്താൽ അഭിഷിക്തമാക്കപ്പെട്ട ശിരസ്സോടുകൂടി കുമ്പിട്ടുകൊണ്ട് അനുയാത്ര ചെയ്യുവാൻ താൽപ്പര്യമുള്ളവരുമായ രാജാക്കന്മാരോട് നാം പറയും. നിന്നേപ്പോലുള്ളവരോട് നാം പറയുകയില്ല. (37)

**വാസുദേവൻ** – നമ്മോട് സംസാരിക്കുകയില്ലെന്നോ സുയോധനൻ? ഹേ

നിർബന്ധബുദ്ധേ, ബന്ധുക്കളോട് സ്നേഹമില്ലാത്തവനേ, കാക്കേ, കോങ്കണ്ണാ, കുരങ്ങേ, നീ കാരണം ഈ കുരുവംശം വൈകാതെ നശിക്കും.(38)

അല്ലയോ രാജാക്കൻമാരേ, ഞാൻ പോകുന്നു.

**ദുര്യോധനൻ** – എന്ത് പോകുകയാണെന്നോ കേശവൻ? ദുശ്ശാസന! ദുർമ്മർഷണ! ദുർമ്മുഖ! ദുർബുദ്ധേ! ദുഷ്ടേശ്വര! ദൂതന്റെ കമെ മറികടന്ന കേശവൻ ബന്ധിക്കപ്പെടട്ടേ.

എന്ത്? അതിന് കഴിവില്ലാത്തവരാണെന്നോ? ദുശ്ശാസനാ, നിനക്കും കഴിവില്ലെന്നോ?

ആനയേയും, കുതിരയേയും കൊന്നവനും, കംസനെ വധിച്ചവനുമായ ആ കൃഷ്ണൻ, ഗോപകുലത്തിലെ വാസംകൊണ്ട് സഹജീവികളെക്കുറിച്ച് അറിവില്ലാത്തവനും നഷ്ടപ്പെട്ട കൈക്കരുത്തോടുകൂടിയവനുമായിട്ട് സ്വന്തം വാക്കു നിമിത്തം വരുത്തിവെച്ച ദോഷത്താൽ രാജാക്കന്മാരുടെ മുന്നിൽ വെച്ച് വേഗം ബന്ധിക്കപ്പെടട്ടെ. (39)

ഇവൻ അശക്തനാണ്. മാതുല, ഈ കേശവൻ ബന്ധിക്കപ്പെടട്ടെ. എന്ത്? പിന്തിരിഞ്ഞു വീണുപോകുന്നുവോ? ആട്ടെ, നാം തന്നെ കയറുകൊണ്ട് ബന്ധിക്കുന്നുണ്ട്.

**വാസുദേവൻ** – എന്ത്? സുയോധനൻ നമ്മെ ബന്ധിക്കുവാനാഗ്രഹിക്കുന്നുവെന്നോ? വരട്ടെ, സുയോധനന്റെ സാമർത്ഥ്യം ഒന്നു കാണട്ടെ. (വിശ്വരൂപത്തെ കൈക്കൊള്ളുന്നു.)

**ദുര്യോധനൻ** – ഹേ ദൂത,

ചുറ്റിലും ദേവമയമായ സ്വന്തം മായ പ്രയോഗിച്ചാലും തടുക്കാനാകാത്ത ദേവാസ്ത്രങ്ങളാൽ നമ്മെ നീ പ്രഹരിച്ചാലും കുതിര, ആന, കാള എന്നിവയെ കൊന്നതുകൊണ്ടുണ്ടായ അഹങ്കാരത്തോടുകൂടിയവനായ നിന്നെ ഇപ്പോൾത്തന്നെ രാജാക്കന്മാരുടെ മദ്ധ്യത്തിൽ വെച്ച് നാം ബന്ധിക്കുന്നതാണ്. (40)

ങ്ആഹ. നിൽക്കവിടെ. എന്ത് കേശവനെ കാണുന്നില്ലല്ലോ. ഇതാ കേശവൻ. അത്ഭുതം തന്നെ കേശവന്റെ ചെറുപ്പം. ങ്ആഹ. നിൽക്കവിടെ. എന്ത് കേശവനെ കാണുന്നില്ലല്ലോ. ഇതാ കേശവൻ.

അമ്പോ കേശവന്റെ വലുപ്പം. ങ്ആഹ. നിൽക്കവിടെ. എന്ത് കേശവനെ കാണുന്നില്ലല്ലോ. ഇതാ കേശവൻ. മന്ത്രശാലയിൽ എല്ലായിടത്തും കേശവന്മാർ. എന്താണിപ്പോൾ ചെയ്യുക. ങ്ആ, ഒരുപായം കിട്ടി. അല്ലയോ രാജാക്കന്മാരേ ഓരോരുത്തരായി ഓരോ കേശവനെ പിടിച്ചുകെട്ടുക. എന്ത്? സ്വയം പാശങ്ങളാൽ ബന്ധിക്കപ്പെട്ട് രാജാക്കന്മാർ വീഴുന്നുവോ? കൊള്ളാം. എടോ ജാലവിദ്യക്കാരാ.

നമ്മുടെ വില്ലിൽ നിന്നും പുറപ്പെടുന്ന ശരവർഷത്താൽ മുറിക്കപ്പെട്ട മുറിവിൽ നിന്നും ഒഴുകിയ രക്തം പുരണ്ട് മേലാസകലം ചുവന്ന നിറം പൂണ്ട് പടകുടീരത്തിൽ കൊണ്ടുചെന്ന നിന്നെ ബാഷ്പത്താൽ തടയപ്പെട്ട കാഴ്ചയോടുകൂടിയവരായ പാണ്ഡവന്മാർ ചുറ്റും നിന്ന് ശോകനിശ്വാസത്തോടെ കാണട്ടെ.(41)

(പോയി)

**വാസുദേവൻ** - ആകട്ടെ. പാണ്ഡവന്മാരുടെ കാര്യം നാം തന്നെ ചെയ്യുന്നതാണ്. ഹേ സുദർശന! ഇവിടെ വരൂ. (അനന്തരം സുദർശനം പ്രവേശിക്കുന്നു.)

**സുദർശനം** - ഞാനിതാ

ഭഗവാന്റെ വിളികേട്ട് വർദ്ധിച്ച അനുഗ്രഹത്താൽ മേഘപാളികളെപ്പോലും തകർത്തുകൊണ്ട് ഞാനിതാ ഓടിവന്നിരിക്കുന്നു. അല്ലയോ താമരക്കണ്ണാ അങ്ങാരിലാണ് വർദ്ധിച്ച കോപത്തോടുകൂടിയവനായിരിക്കുന്നത്? ഇന്നു ഞാൻ ആരുടെ ശിരസ്സിലാണ് ആഞ്ഞു പതിക്കേണ്ടത്?(42)

എവിടെയാണാവോ ഭഗവാൻ നാരായണൻ?

അദ്ദേഹം അവ്യക്തമായ ആദിയോടുകൂടിയവനും ചിന്തിക്കപ്പെടാനാകാത്ത ശക്തി വിശേഷത്തോടുകൂടിയവനും ലോകത്തെ സംരക്ഷിക്കുന്നതിന് തയ്യാറായവനും ഏകനും ഒപ്പം അനേകം രൂപങ്ങളുള്ളവനും ശ്രീമാനും ശത്രുക്കളുടെ ശക്തിയെ ഇല്ലാതെയാക്കുന്നവനും ആകുന്നു.(43)

(കണ്ടിട്ട്)

ഏയ്, ഇതാ ഭഗവാൻ ഹസ്തിനപുരത്തിന്റെ പ്രവേശനകവാടത്തിൽ ദൂതരൂപത്തിൽ സ്തിതിചെയ്യുന്നു. എവിടെ ജലം എവിടെ ജലം? ഭഗവതി ആകാശഗംഗേ ജലം തന്നാലും. അത്ഭുതം ഇതാ ഒഴുകുന്നു. (ആചമിച്ചിട്ട്) ജയിച്ചാലും ഭഗവാൻ നാരായണൻ. (നമസ്കരിക്കുന്നു.)

**വാസുദേവൻ** - സുദർശന, തടയുവാനാകാത്ത പരാക്രമത്തോടുകൂടിയവനായി ഭവിക്കുക.

**സുദർശനം** - ഞാൻ അനുഗൃഹീതനായി

**വാസുദേവൻ** - ഭാഗ്യത്താൽ ഭവാൻ വേണ്ടസമയത്തുതന്നെ എത്തിച്ചേർന്നു.

**സുദർശനം** - ഭഗവാൻ ആജ്ഞാപിച്ചാലും

മേരു - മന്ദര പർവ്വതങ്ങളെ കുലത്തോടെ ഞാൻ മാറ്റി മിറക്കണോ? ചെയ്യാം. അല്ലെങ്കിൽ മകര മത്സ്യങ്ങളുടെ ആലയമായ സമുദ്രത്തെ മുഴുവനായി ഇളക്കി മറിക്കണോ? നക്ഷത്രക്കൂട്ടത്തെ മുഴുവൻ ഭൂമിയിൽ പതിപ്പിക്കാം. അല്ലയോ ദേവ, അങ്ങയുടെ അനുഗ്രഹത്താൽ ചെയ്യുവാൻ കഴിയാത്തതായി എനിക്കൊന്നും തന്നെയില്ല.(44)

**വാസുദേവൻ** - ഹേ സുദർശന, ഇവിടെ വരൂ. ഹേ സുയോധന! ചപലനായവനേ, സമുദ്രത്തിലോ, പർവ്വതഗുഹകളിലോ, വായുമാർഗ്ഗത്തിലോ നീ പോയാലും എന്റെ കൈക്കരുത്ത് കൊണ്ട് നേടിയ വേഗത്തോടുകൂടിയ ചക്രം ഇന്നു നിന്റെ കാലചക്രമായി ഭവിക്കട്ടെ.

**സുദർശനം** -ഹേ ദുഷ്ട സുയോധന, പ്രസാദിച്ചാലും ഭഗവാൻ നാരായണൻ.

അല്ലയോ ദേവ, ഇവൻ ഇപ്രകാരം നഷ്ടപ്പെട്ടവനായാൽ ഭൂമിയുടെ ഭാരം കുറക്കുവാനായി ഭൂമിയിൽ അവതരിച്ച അങ്ങയുടെ ശ്രമം വിഫലമായിത്തീരില്ലേ?(46)

**വാസുദേവൻ** - സുദർശന! രോഷത്താൽ സദാചാരത്തെ നാം കണ്ടില്ല. സ്വന്തം ആലയത്തിലേക്കു തന്നെ പോയാലും.

**സുദർശനം** - ആജ്ഞാപിക്കും പോലെ. എങ്ങനെ എങ്ങനെ ഗോപാലകനെന്നോ? മൂന്നടി കൊണ്ട് മൂന്ന് ലോകങ്ങളെ അളന്നവനാണല്ലോ ഭഗവാൻ നാരായണൻ. ഭവാൻമാർ ഭഗവാനെ ശരണം പ്രാപിക്കുക. ഞാൻ പോകുന്നു. ഏയ് ഭഗവാന്റെ ശ്രേഷ്ഠമായ ആയുധം ശാർങ്ഗം എത്തിച്ചേർന്നിരിക്കുന്നു.

കൃശവും മൃദുലവുമായ ശരീരത്തോടുകൂടിയതും, സ്ത്രീകളുടേതുപോലുള്ള സ്വഭാവത്തോടുകൂടിയതും, വിഷ്ണുവിന്റെ കരത്താൽ പിടിക്കപ്പെട്ട മദ്ധ്യഭാഗത്തോടുകൂടിയതും, ശത്രുസമൂഹത്തിന്റെ ഒരേ ഒരു കാലനായിട്ടുള്ളതും സ്വർണം പതിച്ച പിൻഭാഗത്തോടു കൂടിയതുമായ ഈ ശാർങ്ഗം പുതിയ കാർമേഘത്തിന്റെ പാർശ്വത്തിൽ സുന്ദരമായ മിന്നൽക്കൊടി എന്ന പോലെ കൃഷ്ണന്റെ വശത്തായി ശോഭിക്കുന്നു. (47)

ഹേ ശാർങ്ഗം, കോപമടങ്ങിയവനായിരിക്കുന്നു ഭഗവാൻ നാരായണൻ. സ്വന്തം വാസസ്ഥത്തേക്ക് പോയാലും. ഭാഗ്യം തിരിച്ചുപോയി. എന്നാൽ ഞാനും പോകുന്നു. ഏയ്, ഇതാ കൗമോദകി എത്തിച്ചേർന്നിരിക്കുന്നു.

വിലപിടിപ്പുള്ള രത്നങ്ങളാലും സ്വർണത്താലും അലങ്കരിക്കപ്പെട്ടിട്ടുള്ളതും വിചിത്രമായ നിറങ്ങളുള്ള മാലകളാൽ മറക്കപ്പെട്ടതും അസുരൻമാരുടെ കൂട്ടത്തെ നശിപ്പിക്കുന്നതിൽ ആർത്തി പൂണ്ടതും, പർവ്വതങ്ങളുടെ തടം പോലെ വിശാലമായ രൂപത്തോടു കൂടിയതും തടയുവാനാകാത്ത വലിയ പരാക്രമത്തോടും കൂടി മേഘമാലകളാൽ അനുഗമിക്കപ്പെട്ടുകൊണ്ട് പെട്ടെന്ന് ആകാശത്തിൽ പ്രവേശിച്ചിരിക്കുന്നു. (48)

ഹേ കൗമോദകി, കോപമടങ്ങിയവനായിരിക്കുന്നു ഭഗവാൻ നാരായണൻ. സ്വന്തം വാസസ്ഥത്തേക്ക് പോയാലും. ഭാഗ്യം തിരിച്ചുപോയി. എന്നാൽ ഞാനും പോകുന്നു. ഏയ്, ഇതാ പാഞ്ചജന്യം എത്തിച്ചേർന്നിരിക്കുന്നു.

പ്രളയകാലത്തെ സമുദ്ര ഗർജ്ജനത്തിന് തുല്യമായ യാതൊരുവന്റെ ശബ്ദം കേൾക്കുമ്പോളാണോ അസുരസ്ത്രീകളുടെ ഗർഭം അലസിപ്പോകുന്നത് അങ്ങനെയുള്ള ശബ്ദമുള്ളവനും, പൂർണചന്ദ്രന്റേയും മുല്ലയുടെയും ആമ്പലിന്റെ ഉള്ളിന്റെയും മുത്തുമാലയുടെയും നിറം പോലെ വെണ്മയുള്ളവനും നാരായണന്റെ മുഖകമലത്താൽ ഉണ്ടായ പ്രസാദത്തോടുകൂടിയവനും ആകുന്നു.

ഹേ പാഞ്ചജന്യമേ, കോപമടങ്ങിയവനായിരിക്കുന്നു ഭഗവാൻ. സ്വന്തം സ്ഥാനത്തേക്കു തന്നെ തിരിച്ചു പോയാലും. ഭാഗ്യം, തിരിച്ചുപോയി. നന്ദകം എന്ന വാൾ എത്തിച്ചേർന്നിരിക്കുന്നു.

വനിതകളുടെ ശരീരമുള്ളതും, യുദ്ധത്തിൽ ഭീമാകാരൻമാരായ അസുരൻമാർക്ക് ഭയം ജനിപ്പിക്കുന്നതുമായ ഈ വാൾ പെട്ടെന്ന് ആകാശത്തിൽ പ്രത്യക്ഷപ്പെട്ട് വലിയ ഉൽക്കാപാതം പോലെ ശോഭിക്കുന്നു. (50)

ഹേ നന്ദക, കോപമടങ്ങിയവനായിരിക്കുന്നു ഭഗവാൻ. സ്വന്തം സ്ഥാനത്തേക്കു തന്നെ തിരിച്ചു പോയാലും. ഭാഗ്യം, തിരിച്ചുപോയി. ഞാനും പോകുന്നു. ഏയ് ഇതാ ഭഗവാന്റെ ശ്രേഷ്ഠങ്ങളായ ആയുധങ്ങൾ.

നന്ദകം എന്ന ഈ വാള് സ്വന്തം കിരണങ്ങളെക്കൊണ്ട് സൂര്യന്റെ കിരണങ്ങളെ ക്ഷീണിപ്പിച്ചിരിക്കുന്നു. ഈ കൗമോദകി ഗദയാകട്ടെ അസുരൻമാരുടെ കഠിനങ്ങളായ നെഞ്ചുകളെ തകർക്കുന്നതിന് സമർത്ഥമാകുന്നു. ശാർങ്ഗമെന്ന ഈ വില്ലാകട്ടെ പ്രളയകാലത്തെ മേഘങ്ങളുടെ ഗർജ്ജനം പോലെ നാദമുള്ള ഞാണോടു കൂടിയതാകുന്നു. പാഞ്ചജന്യമെന്ന ഈ ശ്രേഷ്ഠമായ ശംഖാകട്ടെ ചന്ദ്രന്റെ കിരണങ്ങളെപ്പോലെ വെളുത്തതും ഗംഭീരമായ ശബ്ദത്തോടുകൂടിയതും ആകുന്നു. (51)

ഹേ ശാർങ്ഗം, ഹേ കൗമോദകി, ഹേ പാഞ്ചജന്യം, അസുരൻമാർക്ക് അന്തകനും, ശത്രുക്കൾക്ക് അഗ്നിയുമായിട്ടുള്ള നന്ദകമേ, ഭഗവാൻ വിഷ്ണു കോപമടങ്ങിയവനായിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ സ്വന്തം സ്ഥാനത്തേക്കു തന്നെ നിങ്ങൾ മടങ്ങിപ്പോയാലും.(52)

ഭാഗ്യം, എല്ലാവരും മടങ്ങിപ്പോയി. ഞാനും പോകുന്നു. എന്ത്? കാറ്റ് അധികം ക്ഷോഭിച്ചിരിക്കുന്നുവോ? സൂര്യൻ കൂടുതൽ ചുട്ടു നീറ്റുന്നുവോ? പർവ്വതങ്ങൾ ചലിക്കുന്നുവോ? സമുദ്രങ്ങൾ ഇളകി മറിയുന്നുവോ? വൃക്ഷങ്ങൾ നിലംപൊത്തുന്നുവോ? മേഘങ്ങൾ സംഭ്രാന്തരായിരിക്കുന്നുവോ? വാസുകി മുതലായ സർപ്പങ്ങൾ ഒളിച്ചുവോ? എന്താണിങ്ങനെ? ഏയ്, ഇതാ ഭഗവാന്റെ വാഹനമായ ഗരുഡൻ എത്തിച്ചേർന്നിരിക്കുന്നു.

ദേവാസുരൻമാർക്ക് ക്ലേശപൂർണമായ പ്രയത്നഫലമായി കിട്ടിയ അമൃതത്തെ ആരാലാണോ അമ്മയെ മോചിപ്പിക്കുന്നതിനു വേണ്ടി അപഹരിക്കപ്പെട്ടത് അവനാൽ അങ്ങയെ വഹിച്ചുകൊള്ളാമെന്ന് ശത്രുത ഭാവിച്ച വിഷ്ണുവിന് വരവും നൽകപ്പെട്ടു.(53)

അല്ലയോ കാശ്യപന്റെ പ്രിയപുത്ര ഗരുഡ, കോപമടങ്ങിയവനായിരിക്കുന്നു ഭഗവാൻ. സ്വന്തം വാസ സ്ഥാനത്തേക്കു തന്നെ തിരിച്ചു പോയാലും. ഭാഗ്യം, തിരിച്ചുപോയി. ഞാനും പോകുന്നു.

ആകാശത്തിൽ സ്ഥിതരായ കിന്നരൻമാരും യക്ഷൻമാരും, സിദ്ധൻമാരും, ദേവൻമാരും കൃഷ്ണൻ കോപിച്ചിരിക്കുന്നു എന്ന് കേട്ടപ്പോൾ കാന്തി ഗുണങ്ങൾ നഷ്ടപ്പെട്ട് സംഭ്രമത്താൽ അവരുടെ തലയിലണിഞ്ഞിരുന്ന കിരീടങ്ങൾ ഇളക്കമുള്ളവയായിത്തീർന്നു, ഭഗവാൻ ശാന്തനായി എന്നു കേട്ടപ്പോൾ അവർ ദുഃഖം ഇല്ലാത്തവരായിട്ട് അവരവരുടെ വാസസ്ഥാനത്തേക്ക് പോകുന്നു.(54)

എന്നാൽ ഞാനും മനോഹരമായ സുമേരുവിന്റെ ഗുഹയിലേക്കു തന്നെ പോകുന്നു.

(പോയി)

**വാസുദേവൻ** - എന്നാലിപ്പോൾ നാം പാണ്ഡവ ശിബിരത്തിലേക്ക് തന്നെ പോകുന്നു. (അണിയറയിൽ) പോകരുതേ, പോകരുതേ.

**വാസുദേവൻ** - ഏയ്, വൃദ്ധരാജന്റെ സ്വരം പോലെ. അല്ലയോ മഹാരാജാവേ! ഈ ഞാൻ നിൽക്കുകയാണ്.

(അനന്തരം ധൃതരാഷ്ട്രർ പ്രവേശിക്കുന്നു.)

**ധൃതരാഷ്ട്രർ** - ഭഗവാൻ നാരായണൻ എവിടെയാണ്? പാണ്ഡവർക്ക് ശ്രേയസ്സുണ്ടാക്കുന്ന ഭഗവാൻ എവിടെയാണ്? വിപ്രപ്രിയനായ ഭഗവാൻ എവിടെയാണ്? എവിടെയാണ് ദേവകീ പുത്രനായ ഭഗവാൻ?

ഹേ ദേവാധിപ, ശാർങ്ഗപാണേ, എന്റെ പുത്രന്റെ അപരാധം ഹേതുവായി ഇന്ന് അങ്ങയുടെ പാദങ്ങളിൽ എന്റെ ഈ ശിരസ്സ് പതിക്കപ്പെട്ടിരിക്കുന്നു.(55)

(വീഴുന്നു.)

**വാസുദേവൻ** - ഹാ കഷ്ടം! പതിതനായോ അത്ര ഭവാൻ. എഴുന്നേറ്റാലും എഴുന്നേറ്റാലും.

**ധൃതരാഷ്ട്രർ** - അനുഗൃഹീതനായി ഞാൻ. ഭഗവാനേ, ഈ അർഘ്യത്തേയും പാദ്യത്തേയും സ്വീകരിച്ചാലും.

**വാസുദേവൻ** - എല്ലാം ഞാൻ സ്വീകരിക്കുന്നു. ഇനി എന്തു പ്രിയമാണ് ഞാൻ അങ്ങേക്കു ചെയ്യേണ്ടത്?

**ധൃതരാഷ്ട്രർ** - ഭഗവാൻ എന്നോട് പ്രസന്നനായി എങ്കിൽ അതിലധികമായി എന്താണ് ഞാൻ ആഗ്രഹിക്കേണ്ടത്?

**വാസുദേവൻ** - വീണ്ടും കാണുന്നതിനുവേണ്ടി അങ്ങ് ഇപ്പോൾ പോയാലും.

**ധൃതരാഷ്ട്രർ** - ഭഗവാൻ നാരായണൻ ആജ്ഞാപിക്കും പോലെ.

(പോയി)

ഭരതവാക്യം

സാഗരപര്യന്തമായതും, ഹിമവാനും വിന്ധ്യനും കുണ്ഡലങ്ങളായുള്ളതും, ഏകച്ഛത്രാധിപത്യത്തിലുള്ളതുമായ ഈ ഭൂമിയെ നമ്മുടെ രാജ സിംഹൻ സംരക്ഷിക്കട്ടെ.

(എല്ലാവരും പോയി)

**....ദൂതവാക്യം സമാപിച്ചു.....**

# Module II

## പ്രധാന സംസ്കൃത ദൃശ്യകാവ്യങ്ങളും കർത്താക്കളും.

ഭാസൻ, കാളിദാസൻ, ഭവഭൂതി, ശക്തിഭദ്രൻ തുടങ്ങിയവർ സംസ്കൃത നാടക കർത്താക്കളിൽ പ്രധാനികളാണ്.

### കാളിദാസന്റെ നാടകങ്ങൾ

സംസ്കൃത സാഹിത്യത്തിലെ മിക്ക എഴുത്തുകാരും നാടകകൃതികളുടെ രചനയിലൂടെയോ അല്ലെങ്കിൽ മാഹാകാവ്യങ്ങളുടെ രചനയിലൂടെയോ പ്രസിദ്ധി നേടിയവരാണ്. എന്നാൽ ഈരണ്ടു രചനകളിലൂടെയും പ്രസിദ്ധി നേടിയിട്ടുള്ള മാഹാ കവിയാണ് കാളിദാസൻ. കൂടാതെ സന്ദേശകാവ്യപ്രസ്ഥാനത്തിന് രൂപം നൽകിയതും കാളിദാസനാണ്. അദ്ദേഹം കവികുലഗുരു എന്നറിയപ്പെടുന്നു. ഉപമാ കാളിദാസസ്യ എന്ന് പ്രസിദ്ധമാണല്ലോ. ഉപമാലങ്കാരം പ്രയോഗിക്കുന്നതിൽ അഗ്രഗണ്യനായ അദ്ദേഹം വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു. മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം, അഭിജ്ഞാന ശാകുന്തളം എന്നീ നാടകങ്ങളും, കുമാരസംഭവം, രഘുവംശം എന്നീ മഹാകാവ്യങ്ങളും, മേഘസന്ദേശം എന്ന സന്ദേശകാവ്യവും, ഋതുസംഹാരം എന്ന ഖണ്ഡകാവ്യവും അദ്ദേഹത്തിന്റെ സംഭാവനകളാണ്.

### മാളവികാഗ്നിമിത്രം

കാളിദാസ നാടകങ്ങളിൽ ഏറ്റവും ആദ്യത്തേതാണ് മാളവികാഗ്നിമിത്രം. മാളവികയും അഗ്നിമിത്രനും നായികാ നായകന്മാരായ അഞ്ചങ്കങ്ങളുള്ള നാടകമാണിത്. അഗ്നിമിത്രൻ, മാളവിക, ധാരിണി, ഇരാവതി, വിദൂഷകൻ എന്നിവരാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ചിത്രത്തിൽ കണ്ട മാളവികയോട് അഗ്നിമിത്രന് പ്രണയം തോന്നുന്നു. രാജകുമാരിയാണെങ്കിലും വിധി വൈപരീത്യം കൊണ്ട് അഗ്നിമിത്രന്റെ കൊട്ടാരത്തിൽ ഒരു പരിജനമായി താമസിക്കുന്ന മാളവികയെ രാജാവ് കാണാതെ മാറ്റി നിർത്തിയിരിക്കുകയായിരുന്നു പട്ടമഹിഷിയായ ധാരിണീദേവി. പിന്നീട് ധാരിണീദേവി സ്വഭർത്താവിന്റെ മൂന്നാം വിവാഹത്തിന് മുൻകൈയെടുത്ത് അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയായ ഇരാവതിയേയും പറഞ്ഞ് സമ്മതിപ്പിക്കുന്നു. പുരുഷൻ ദുഷിച്ചാൽ എത്രത്തോളം ദുഷിക്കാമെന്ന് - സ്നേഹമയികളായ രണ്ടുഭാര്യമാരും, വീര്യവാനായ പുത്രനുമുണ്ടായിട്ടും മറ്റൊരു കന്യകയുമായി പ്രണയത്തിലാകുന്ന അഗ്നിമിത്രനിലൂടെ നമുക്കു കാണിച്ചുതരുന്നു. സഹനശീലയായ ധാരിണി സിദ്ധൻമാരുടെ പ്രവചനവും സ്വഭർത്താവിന്റെ ഇംഗിതവും, രാജ്യങ്ങൾ തമ്മിലുള്ള ബന്ധവും കണക്കിലെടുത്ത് ഉത്തമ പത്നിയുടെ ത്യാഗം അവതരിപ്പിക്കുന്നു. ഇങ്ങനെ തടസ്സങ്ങളെല്ലാം മാറി ധാരിണിയുടെയും ഇരാവതിയുടെയും സമ്മതപ്രകാരം അഗ്നിമിത്രനും മാളവികയും ഒന്നിക്കുന്നതോടെ കഥയ്ക്ക് ശുഭാന്ത്യമാകുന്നു. മറ്റു കാളിദാസകൃതികളിലെ സൗകുമാര്യവും ഇതിവൃത്തവും അത്രതന്നെ പ്രകടമല്ലാത്ത ഈ നാടകവും മനോഹരം തന്നെയാണ്.

### വിക്രമോർവ്വശീയം

അഞ്ചങ്കങ്ങളുള്ള വിക്രമോർവ്വശീയത്തിൽ അപ്സരസ്സായ ഉർവ്വശിയും പുരൂരവസ്സും തമ്മിലുള്ള ഹൃദ്യമായ സ്നേഹബന്ധമാണ് വർണ്ണിക്കുന്നത്. മൂലകഥയിൽ കാളിദാസൻ തന്റെ തനതായ ശൈലിയിൽ ചില മാറ്റങ്ങൾ വരുത്തിയാണ് നാടകം അവതരിപ്പിച്ചിരിക്കുന്നത്. ശിവനെ വന്ദിച്ച് കൈലാസത്തിൽ നിന്ന് മടങ്ങും വഴി ഉർവ്വശിയെ കേശി എന്ന അസുരൻ പിടിച്ചുകൊണ്ടുപോയതായി രംഭ, മേനക തുടങ്ങിയ അപ്സരസ്സുകൾ അറിയിക്കുന്നത ് അനുസരിച്ച് പുരൂരവസ്സ് ഉർവ്വശിയെ

രക്ഷിക്കാനായി പുറപ്പെടുന്നു. പേടിച്ച് കണ്ണുകളടച്ച ഉർവ്വശിയോട് അസുരൻമാരെയെല്ലാം ആട്ടിപ്പായിച്ചു എന്നറിയിക്കുമ്പോൾ കണ്ണുതുറന്ന ഉർവ്വശി മുന്നിൽ നിൽക്കുന്ന രാജാവിൽ അനുരക്തയാവുന്നു. പുരൂരവസ്സും അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടയാകുന്നു. പിന്നീട് ഉർവശി സ്വർഗ്ഗത്തിലേക്ക് തിരിച്ചു പോയെങ്കിലും മനസ്സ് ഭൂമിയിലെ രാജകുമാരനിലായിരുന്നു. സ്വർഗ്ഗത്തിൽവെച്ച് അരങ്ങേറുന്ന ലക്ഷ്മീസ്വയംവരം നാടകത്തിൽ പുരൂരവസ്സിനെ ഓർത്തതിനാൽ നാടകത്തിൽ തെറ്റുപറ്റുകയും ആചാര്യന്റെ ശാപമേറ്റ ഉർവശി ഭൂമിയിൽ താമസിക്കാൻ വിധിക്കപ്പെടുകയും ചെയ്യുന്നു. പുത്രനെക്കാണുന്നസമയം ഭൂമിയിൽ നിന്നും തിരികെ സ്വർഗ്ഗത്തിലേക്കുതന്നെ പോകുന്നതിനുള്ള ശാപമോക്ഷവും കിട്ടുന്നു. എന്നാൽ ഇന്ദ്രദൂതുമായി നാരദൻ വരുന്നതും അതനുസരിച്ച് പുരൂരവസ്സിന്റെ കൂടെ ഭൂമിയിൽത്തന്നെ കഴിയാൻ അനുവദിക്കുകയും ചെയ്യുന്നു. പുരൂരവസ്സിന്റെ പുത്രനായ ആയുസ്സിനെ യുവരാജാവായി അഭിഷേകം ചെയ്യിക്കുകയും ചെയ്യുന്നുണ്ട്.

**അഭിജ്ഞാന ശാകുന്തളം.**

കാളിദാസന്റെ നാടകങ്ങൾ സംസ്കൃത നാടകങ്ങളുടെ മികച്ച മാതൃകകളായി കണക്കാക്കപ്പെടുന്നു. പ്രശസ്തി കൊണ്ടും, പ്രചാരം കൊണ്ടും അവയിൽ പ്രഥമ സ്ഥാനം അഭിജ്ഞാന ശാകുന്തളത്തിനാണ്. മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനമാണ് ഇതിലെ മുഖ്യ പ്രമേയം. ദുഷ്യന്തനും ശകുന്തളയും പ്രധാനകഥാപാത്രങ്ങളായ ഈ നാടകത്തിൽ ഏഴ് അങ്കങ്ങളാണ് ഉള്ളത്.

പുരുവംശ രാജാവായ ദുഷ്യന്തൻ നായാട്ടിനു പോയപ്പോൾ കണ്വമുനിയുടെ വളർത്തു പുത്രിയായ ശകുന്തളയെ കാണുകയും അവർ പരസ്പരം അനുരാഗബദ്ധരാവുകയും ചെയ്യുന്നു. ഗാന്ധർവ്വ വിധിപ്രകാരം വിവാഹിതരാവുകയും ദുഷ്യന്തൻ കൊട്ടാരത്തിലേക്ക് തിരികെ പോവുകയും ചെയ്തു. പോകുന്നതിന് മുമ്പ് ഒരു മുദ്രമോതിരം ശകുന്തളക്ക് സമ്മാനിക്കുന്നു. കുറച്ച് കാലം കഴിഞ്ഞ് കണ്വൻ ആശ്രമത്തിൽ തിരിച്ചെത്തിയപ്പോൾ ഗർഭിണിയായ പുത്രിയെ ഭർതൃ ഗൃഹത്തിലേക്ക് പറഞ്ഞയക്കുന്നു. പോകുമ്പോൾ നദിയിൽ അവളുടെ മോതിരം ഊരിവീണത് അവളറിഞ്ഞില്ല. കൊട്ടാരത്തിലെത്തിയ ശകുന്തളയെ ദുഷ്യന്തൻ ഓർക്കുന്നില്ല. അപ്പോൾ മുദ്രമോതിരം കാണിക്കാൻ തുടങ്ങിയപ്പോഴാണ് അത് നഷ്ടമായ വിവരം അവൾ അറിയുന്നത്. അങ്ങനെ അപമാനിതയായ ശകുന്തള കശ്യപമുനിയുടെ ആശ്രമത്തിലെത്തുന്നു. പിന്നീട് മോതിരം തിരിച്ചു കിട്ടിയപ്പോൾ പൂർവ്വകഥകളോർത്ത രാജാവ് ദുഃഖിതനായി. ഒരിക്കൽ യാദൃശ്ചികമായി കാശ്യപാശ്രമത്തിൽ മിടുക്കനായ ഒരു ബാലനെ കാണുകയും അത് തന്റെ പുത്രനാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ശാകുന്തളത്തിലെ നാലാമങ്കമാണ് ഏറ്റവും പ്രസിദ്ധമായത്.

**ഭവഭൂതി**

എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി വിശ്വസിക്കുന്ന ഭവഭൂതിയുടെ ശരിയായ പേര് ശ്രീകണ്ഠൻ എന്നാണ്. ഇദ്ദേഹത്തിന്റെ പിതാവ് നീലകണ്ഠനും, മാതാവ് ജതുകർണിയുമാണ്. മാലതീമാധവം, മഹാവീരചരിതം, ഉത്തരരാമചരിതം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

**മാലതീമാധവം**

പത്തങ്കങ്ങളോടുകൂടിയ മാലതീമാധവം പ്രകരണം എന്ന രൂപക വിഭാഗത്തിൽ ഉൾപ്പെടുന്നു. മാലതിയും മാധവനും തമ്മിലുള്ള പ്രണയമാണ് ഇതിവൃത്തം. മാലതി ഉജ്ജയിനിയിലെ ഒരു മന്ത്രിയുടെ മകളും, മാധവൻ വിദർഭാ രാജ്യത്തിലെ മന്ത്രിയുടെ മകനുമായിരുന്നു. വളരെ കഷ്ടപ്പാടുകൾക്ക് ശേഷം രാജാവിന്റെ അനുമതിയോടുകൂടി മാലതീ – മാധവൻമാരുടെ വിവാഹം നടക്കുന്നു.

**മഹാവീരചരിതം**

ഭവഭൂതിയുടെ ആദ്യനാടകം മഹാവീരചരിതമാണെന്ന് വിശ്വസിക്കപ്പെടുന്നു. ഏഴ് അങ്കങ്ങളുള്ള ഈ കൃതി രാമായണകഥയെ ആസ്പദമാക്കി രചിച്ചതാണ്. ശ്രീരാമ പട്ടഭിഷേകം വരെയുള്ള രാമായണകഥ മുഴുവനായും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. മൂലകഥയിൽ നിന്നും ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വീരരസപ്രധാനമാണ്.

**ഉത്തരരാമചരിതം**

ഏഴങ്കങ്ങളുള്ള ഈ നാടകം രാമായണത്തിലെ ഉത്തരകാണ്ഡകഥയെ അടിസ്ഥാനമാക്കി രചിച്ചതാണ്. സീതാ പരിത്യാഗത്തോടെ തുടങ്ങുന്ന നാടകം സീതാരാമൻമാരുടെ സംഗമത്തോടെ അവസാനിക്കുന്നു. ഇതിലെ മുഖ്യരസം കരുണമാണെന്ന് ചിലരും, വിപ്രലംഭശൃംഗാരമാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

**ആശ്ചര്യചൂഡാമണി.**

ശ്രീശങ്കരാചാര്യരുടെ സമകാലികനെന്ന് കരുതപ്പെടുന്ന ശക്തിഭദ്രൻ രചിച്ച നാടകമാണിത്. ശക്തിഭദ്രൻ ശങ്കരാചാര്യർക്ക് തന്റെ കൃതിമുഴുവൻ വായിച്ചുകേൾപ്പിച്ചപ്പോൾ അദ്ദേഹം മൗനവ്രതത്തിലായിരുന്നതിനാൽ അതേക്കുറിച്ച് അഭിപ്രായമൊന്നും പറഞ്ഞില്ല. നിരാശനായ ശക്തിഭദ്രൻ എഴുതിയ ഓലക്കെട്ട് നശിപ്പിച്ചുകളഞ്ഞു. ഒരു വർഷം കഴിഞ്ഞ് മടങ്ങിവന്ന ശങ്കരാചാര്യർ അദ്ദേഹത്തെ "ഭുവനഭൂതി" എന്നു വിളിച്ച് നാടകത്തെ പ്രശംസിക്കുകയും ചെയ്തു. അപ്പോഴേക്കും എഴുതിയതു മുഴുവൻ നശിപ്പിച്ചുകളഞ്ഞ ശക്തിഭദ്രന് ശങ്കരാചാര്യർ കൃതി മുഴുവൻ മനസ്സിൽ നിന്നും പറഞ്ഞുകൊടുത്തു എന്നൊരു ഐതിഹ്യവുമുണ്ട്. ഉന്മാദവാസവദത്ത എന്നൊരു കൃതിയും അദ്ദേഹത്തിന്റേതായുണ്ട്.

ഏഴ് അങ്കങ്ങളോട് കൂടിയ ഈ നാടകത്തിൽ ശ്രീരാമന്റെ വനവാസം മുതൽ സീതയുടെ അഗ്നിപ്രവേശം വരെയുള്ള രാമായണകഥയാണ് വർണിച്ചിട്ടുള്ളത്. നാടകത്തിലുടനീളമുള്ള അത്ഭുതരസമാണ് ആശ്ചര്യചൂഡാമണിയുടെ സവിശേഷത. ശൂർപ്പണഖ ഒരേസമയം മനോഹരിയായും ഭീകരരൂപിയായ രാക്ഷസിയായും അവതരിക്കുന്നുണ്ട്. മാരീചനാകട്ടെ മനോഹരിയായ പേടമാനായും യഥാർത്ഥ ഭീകരരൂപം പൂണ്ടും അവതരിക്കുന്നു. അത്ഭുതകരമായ രത്നവും മോതിരവും ആശ്രമവാസികൾ സീതയ്ക്ക് നൽകിയതിൽ നിന്നാണ് ആശ്ചര്യചൂഡാമണി എന്ന പേര് ഉണ്ടായിട്ടുള്ളത്. ഓരോ അങ്കത്തിനും പ്രത്യേകം പേരുകളും നൽകിയിട്ടുണ്ട്.

കേരളീയ സംസ്കൃത രൂപകങ്ങളിൽ ഏറ്റവും ശ്രദ്ധേയവും വിഖ്യാതവുമാണ് ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി. കൂടിയാട്ടത്തിൽ ഇതിലെ ഓരോ അങ്കവും പ്രത്യേകം അഭിനയിച്ചിരുന്നു.

# Module III

## Kerala Sanskrit Theatre – Kudiyattom,Chakyarkuthu and Nangyarkuthu

ക്ഷേത്രകലകളായ കഥകളി, കൂടിയാട്ടം, ചാക്യാർക്കൂത്ത്, നങ്ങ്യാർക്കൂത്ത്, പാഠകം, കൃഷ്ണനാട്ടം, തെയ്യം, മുടിയേറ്റ്, പടയണി തുടങ്ങിയ അനേകം കലാരൂപങ്ങൾ കേരളത്തിൽ നിലനിന്നിരുന്നു.

**കൂടിയാട്ടം**

കേരളത്തിലെ പ്രധാനപ്പെട്ട ഒരു ദൃശ്യകലയാണ് കൂടിയാട്ടം. സംസ്കൃത നാടകങ്ങളും കേരളത്തിലെ പ്രാചീന അഭിനയ രീതികളും ചേർന്നുള്ള ഒരു ദൃശ്യകല എന്ന നിലയിൽ ഇതിന് വളരെയധികം പ്രാധാന്യമുണ്ട്. സംസ്കൃതമാണ് നാടകത്തിലുപയോഗിക്കുന്ന ഭാഷ. ഏറ്റവും പ്രാചീനമായ സംസ്കൃതനാടക രൂപങ്ങളിലൊന്നാണിത്. ലോക പൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപവുമാണ് കൂടിയാട്ടം. അഭിനയത്തിന് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തെ അഭിനയത്തിന്റെ അമ്മ എന്നും വിശേഷിപ്പിക്കുന്നു. ക്ഷേത്ര സന്നിധിയിൽ ചാക്യാൻമാരാണ് ഇതവതരിപ്പിച്ചിരുന്നത്. ഒരേ സമയം ഒന്നിലേറെ കഥാപാത്രങ്ങൾ കൂടി അഭിനയിക്കുന്നതിനാൽ ആണ് കൂടിയാട്ടം എന്ന പേര് വന്നത് എന്നും ഒരു അഭിപ്രായമുണ്ട്.

പുരുഷവേഷം കെട്ടാൻ ചാക്യാർക്കും സ്ത്രീവേഷം കെട്ടാൻ നങ്ങ്യാരമ്മമാർക്കും മാത്രമേ അനുവാദമുണ്ടായിരുന്നുള്ളൂ. മിഴാവുകൊട്ടുന്നത് നമ്പ്യാർ ആയിരിക്കണം. അഭിനയിക്കാൻ പോകുന്ന കഥ ഗദ്യത്തിൽ പറയുന്നതും നമ്പ്യാർ തന്നെ. രംഗത്ത് പാട്ടുപാടി കുഴിത്താളം പിടിക്കുന്നതും നങ്ങ്യാരമ്മമാരാണ്. കൂടിയാട്ടത്തിൽ ഇടയ്ക്ക, കുഴൽ, കുഴിത്താളം, മിഴാവ്, ശംഖ് എന്നീ അഞ്ചു വാദ്യങ്ങൾ ഉപയോഗിക്കുന്നു. അവയിൽ മിഴാവിനാണ് പ്രാധാന്യം.

കൂത്തു നടത്തുന്ന കൂത്തമ്പലത്തിൽ വെച്ചാണ് കൂടിയാട്ടവും നടത്തുക. കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും കൂത്തമ്പലങ്ങളുണ്ട്. അവയെല്ലാം നാട്യശാസ്ത്ര വിധിപ്രകാരമാണ് പണിതിട്ടുള്ളത്. കൂത്തമ്പലത്തിന്റെ ഒരറ്റത്ത് അണിയറയും തൊട്ടു മുമ്പിൽ അരങ്ങും, ബാക്കി ഭാഗങ്ങൾ കാണികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടവും, ഇടത്തും വലത്തും അണിയറയിൽ നിന്ന് അരങ്ങത്തേക്ക് പ്രവേശിക്കുവാനുള്ള കവാടങ്ങളും അടങ്ങിയതാണ് കൂത്തമ്പലത്തിന്റെ ഘടന. കുലശേഖരവർമ്മയുടെ തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ നാടകങ്ങളോടൊപ്പം ശക്തിഭദ്രന്റെ ആശ്ചര്യ ചൂഡാമണിയും കൂടിയാട്ടത്തിൽ ഉപയോഗിച്ചുവരുന്നു. ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീ നാലു തരം അഭിനയങ്ങളുടെ (ചതുർവ്വിധാഭിനയം) മേളനമാണ് കൂടിയാട്ടം. എല്ലാ അംഗങ്ങളും ആപാദചൂഡം ഉപയോഗിച്ച് അഭിനയിക്കുന്നത് ആംഗികവും, നാടകകൃതികളിലെ ഗദ്യപദ്യങ്ങൾ സമുചിതമായി ചൊല്ലുന്നത് വാചികാഭിനയവും, വേഷവിധാനവും രംഗപരിഷ്കരണവും ഉൾപ്പെടുന്നത് ആഹാര്യവും, രസഭാവാദികളെ അടിസ്ഥാനമാക്കിയുള്ള അഭിനയത്തെ സാത്വികവും ആകുന്നു. ഹസ്തലക്ഷണദീപികയിൽ പ്രതിപാദിക്കുന്ന 24 മുദ്രകളാണ് കൂടിയാട്ടത്തിൽ പ്രധാനമായും ഉപയോഗിക്കുന്നത്. ഇതുകൂടാതെ വില്ല്, ശ്രീരാമൻ തുടങ്ങി സന്ദർഭോചിതമായി മറ്റു മുദ്രകളും ഉപയോഗിച്ചുവരുന്നു.

കൂത്തമ്പലത്തിൽ കുലവാഴ, കുത്തോല, നിറപറ, അഷ്ടമംഗല്യം തുടങ്ങിയ അലങ്കാരങ്ങളോടെ അരങ്ങ് സജ്ജമായിരിക്കും. ഒലിയ നിലവിളക്കിൽ എണ്ണ നിറച്ച് 3 തിരി കത്തിക്കുന്നു.

ത്രിമൂർത്തികളുടെ സാന്നിദ്ധ്യമാണ് മൂന്ന് തിരികൾ സൂചിപ്പിക്കുന്നത്. കുഴിത്താളം, മിഴാവ്, ഇടയ്ക്ക, കൊമ്പ്, ശംഖ് എന്നീ വാദ്യങ്ങൾ ചേർത്തുള്ള മേളമാണ് ആദ്യം. തുടർന്ന് വിദൂഷകവേഷം ധരിച്ച് ചാക്യാർ രംഗത്ത് പ്രവേശിക്കുകയും കഥാ സന്ദർഭത്തെ വിവരിക്കുകയും ചെയ്യുന്നു. ശേഷം തിരശ്ശീല താഴ്ത്തി പ്രവേശിക്കുകയും കഥ ആടുകയും ചെയ്യുന്നു. അരങ്ങുവിതാനം മിഴാവ് ഒച്ചപ്പെടുത്തൽ, ഗോഷ്ഠി കാട്ടുക, അക്കിത്തച്ചൊല്ലൽ, നാന്ദി, അരങ്ങുതളിക്കൽ, നിർവ്വഹണം മംഗളശ്ലോകം എന്നിവ കഥ ആടുന്നതിന് മുമ്പുള്ള കൂടിയാട്ടത്തിന്റെ പ്രധാന ചടങ്ങുകളാണ്.

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇട്ടിയമ്മൻ ചാക്യാരാണ് കൂടിയാട്ടത്തിന്റെ കുലപതി എന്ന് പറയപ്പെടുന്നു. കൂടിയാട്ടത്തെക്കുറിച്ച് മാണിമാധവചാക്യാർ രചിച്ച നാട്യകൽപ്പദ്രുമം എന്ന ഗ്രന്ഥത്തിൽ കൂടിയാട്ടത്തിന്റെ സമസ്തവശങ്ങളേയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**ചാക്യാർ കൂത്ത്**

ചാക്യാൻമാർ അവതരിപ്പിക്കുന്ന ഒരു കഥാപ്രസംഗകലയാണ് ചാക്യാർ കൂത്ത്. എല്ലാ കഥാപാത്രങ്ങളേയും അനുരൂപമായ ആംഗികങ്ങളിലൂടെ അഭിനയിച്ച- വതരിപ്പിക്കുന്ന ഏകാങ്കാഭിനയമാണ് ചാക്യാർകൂത്ത്. പുരാണങ്ങളും ഇതിഹാസങ്ങളും മറ്റും വിവരിച്ചുകൊണ്ട് പ്രബന്ധങ്ങളെ ആസ്പദമാക്കി നടത്തുന്ന വാചികപ്രധാനമായ കലാപ്രകടനമാണ് ചാക്യാർകൂത്ത്. കലാപ്രകടനം ആദ്യാവസാനം പരിഹാസ- രസികമായിരിക്കും. പുരാണകഥാവതരണത്തിനിടക്ക് സമകാലീന ജീവിത സംഭവങ്ങളെക്കൂടി ബന്ധിപ്പിച്ച് ധാർമ്മിക പ്രചോദനത്തിനുതകുന്ന ആശയങ്ങൾക്ക് പ്രാധാന്യം നൽകി കലാവതരണം നടത്തുന്നു. കൂത്തുപറച്ചിലിനിടയ്ക്ക് ശ്രോതാക്കളാരും കടന്നുകയറി വിരോധം പ്രകടിപ്പിച്ചുകൂട. സദസ്യരിൽപ്പെട്ട വിശിഷ്ട വ്യക്തികളെപ്പോലും പരിഹാസപാത്രമാക്കി വർണിക്കുന്നതിനുള്ള സ്വാതന്ത്ര്യം ചാക്യാർക്കുണ്ട്.

അർത്ഥവിവരണത്തിലാണ് ചാക്യാർ മനോധർമ്മം മുഴുവൻ പ്രകാശിപ്പിക്കുന്നത്. ഭാവം വിവരിക്കുന്നത് അന്വയക്രമത്തിലും, സാധാരണക്കാർക്കുപോലും മനസ്സിലാകത്തക്കവിധവുമായിരിക്കും. അഭിനയവും ഫലിതപ്രയോഗവും അവസരോചിതങ്ങളായ സ്വരഭേദങ്ങളും ചാക്യാർ ചെയ്യുന്ന അർത്ഥ വിവരണത്തിന്റെ ഗുണങ്ങളാകുന്നു. കവിയുടെ ആശയത്തെ പൊടിപ്പും തൊങ്ങലും വെച്ച് പൂർവ്വാധികം മെച്ചമാക്കി മൂഢഹൃദയങ്ങളിൽക്കൂടി ദൃഢമായി പതിക്കത്തക്ക വിധം ഹൃദയംഗമവും വിശദവുമായി അവർ വെളിപ്പെടുത്തുന്നു. മൂലത്തിന്റെ സഹൃദയാഹ്ലാദജനകമായ അംശത്തേയും മർമ്മങ്ങളേയും അവയിൽ നിന്നും ഗ്രഹിക്കേണ്ട ധർമ്മങ്ങളേയും ചാക്യാർ പ്രത്യേകം പ്രകാശിപ്പിക്കും.

ചാക്യാർ അരങ്ങത്തുവന്ന് കഥയാരംഭിക്കുന്നതിന് മുമ്പ് അനേകം ചടങ്ങുകൾ നിർവ്വഹിക്കേണ്ടതുണ്ട്. ചാക്യാർ അണിയറയിലിരുന്ന് കാലുകഴുകി ആചമിച്ച് തലയിൽ ചുവപ്പുതുണി കെട്ടുകയാണ് ആദ്യത്തെ ചടങ്ങ്. പിന്നെ മുഖത്ത് നെയ്യ് തേച്ച് (ഉപസ്തരണം) ഇമി, മഞ്ഞൾ, കരി എന്നിവ കൊണ്ട് ഞുഖമണിഞ്ഞ് ഒരു കാതിൽ കുണ്ഡലമിട്ട് മറ്റേതിൽ വെറ്റില തെറുത്തു തിരുകി തെച്ചിപ്പൂവ് തൂക്കിയിട്ട് വസ്ത്രം ഞൊറിഞ്ഞുടുത്ത് വസ്ത്രം കൊണ്ട് ആസനം പിന്നിൽ വലിച്ചുകെട്ടി, കൈയിൽ കടകം, അരയിൽ കടിസൂത്രം, തലയിൽ കുടുമ, ചുകപ്പു തുണി, പീലിപ്പട്ടം, വാസുകീയം, എന്നിങ്ങനെ സംജ്ഞിതങ്ങളായ അലങ്കാരങ്ങൾ ധരിച്ച് രംഗപ്രവേശനത്തിന് തയ്യാറാകുന്നു. അപ്പോൾ നമ്പ്യാർ മാത്രം രംഗത്തിൽ പ്രവേശിച്ച് മിഴാവു തൊട്ടു തലയിൽ വെച്ച് മിഴാവിട്ടിരിക്കുന്ന കൂടിൻമേൽ കയറിയിരുന്ന് മിഴാവൊച്ച- പ്പെടുത്തുകയായി. ഇത് വാക്കു തുടങ്ങാറായി എന്നും സാമാജികൻമാർ സദസ്സിൽ സന്നിഹിതരാകണമെന്നും അറിവുകൊടുക്കുവാനാണ്. അതുകഴിഞ്ഞാൽ നങ്ങ്യാരോടുകൂടി ചാക്യാർ രംഗത്തു പ്രവേശിക്കും. ചാക്യാരുടെ ആദ്യത്തെ ക്രിയ ചാരി എന്ന നൃത്തമാണ്. ദേവലോകത്ത് ദേവസഭയിലെ നടനത്തിന്റെ സ്ഥാനത്താണ് ഈ നൃത്തം ചെയ്യുന്നതെന്നാണ് സങ്കൽപ്പം. നൃത്തം കഴിഞ്ഞാൽ വിദൂഷകസ്തോഭം നടക്കുകയായി. അതായത് - കവിളു വീർപ്പിക്കുക, അരയിൽ ചുറ്റിയിരിക്കുന്ന രണ്ടാം മുണ്ടുകൊണ്ട് ദേഹത്തിൽ വീശുക, കുടുമ ചിക്കിക്കെട്ടിവെക്കുക എന്നൊക്കെ താൻ ചെയ്യുന്നതായി നടിക്കും. പിന്നീട് രണ്ടാംമുണ്ട് അരയിൽ തന്നെ പൂർവ്വപ്രകാരം ചുറ്റിക്കെട്ടി പിന്നോക്കം കൈയെറിഞ്ഞ് കൊട്ടു നിർത്തിച്ച് അരയിലുള്ള രണ്ടാം മുണ്ടിന്റെ രണ്ടറ്റവും

കൂട്ടി മുഖം പൊത്തി അവതാരികയോടുകൂടി ഈശ്വര പ്രാർത്ഥനയായി. ഇവയെല്ലാമാണ് കഥാരംഭത്തിനുമുമ്പുള്ള ചാക്യാരുടെ ചടങ്ങുകൾ. മേൽപ്പത്തൂരിന്റെ പ്രബന്ധരത്നങ്ങൾ ചാക്യാൻമാർ ഉപയോഗിക്കുന്ന സാഹിത്യത്തിന്റെ മകുടസ്ഥാനത്ത് നിൽക്കുന്നു.

**നങ്ങ്യാർക്കൂത്ത്**

കൂത്തിന്റെ പ്രകാരഭേദങ്ങളാണ് പ്രബന്ധക്കൂത്ത്, പറക്കും കൂത്ത്, നങ്ങ്യാർകൂത്ത് മുതലായവ. കേരളത്തിലെ അമ്പലവാസി കുടുംബത്തിൽപ്പെട്ട നങ്ങ്യാരമ്മമാരാണ് നങ്ങ്യാർക്കൂത്ത് അവതരിപ്പിക്കുന്നത്. വില്ലുവട്ടം, കോസമ്പിള്ളി, മേലാടത്ത്, എടാട്ട് എന്നീ നമ്പ്യാർ കുടുംബങ്ങളിലെ നങ്ങ്യാർമാർ പരമ്പരാഗതമായി നങ്ങ്യാർക്കൂത്ത് അവതരിപ്പിച്ചിരുന്നു. സംസ്കൃതനാടക പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് ഭാരതത്തിലെമ്പാടും ഈ പാരമ്പര്യ നാടകാഭിനയകല ഇന്ന് പ്രചരിച്ചുവരുന്നു. ഏകാംഗാഭിനയമാണ് നങ്ങ്യാർക്കൂത്ത്. ആംഗികം, വാചികം, സാത്വികം, ആഹാര്യം തുടങ്ങിയ നാട്യത്തിന്റെ അടിസ്ഥാന രേഖകളനുസരിച്ചാണ് നങ്ങ്യാർക്കൂത്ത് അരങ്ങേറുക. കൈമുദ്രകളും മുഖത്തിന്റെ ഭാവപ്രകടനവും ശരീരത്തിന്റെ ലാസ്യ ചലനവും മിഴാവിന്റെ അകമ്പടിയോടെയുള്ള പ്രകടനവും ഉച്ചാരണശുദ്ധിയോടെയുള്ള സംഭാഷണവും നങ്ങ്യാർക്കൂത്തിന്റെ പ്രത്യേകതയാണ്.

ശ്രീകൃഷ്ണചരിതമാണ് നങ്ങ്യാർക്കൂത്തിന്റെ ഇതിവൃത്തം. കുലശേഖരന്റെ സുഭദ്രാ-ധനഞ്ജയത്തിലെ ചേടീപ്രവേശനമാണ് നങ്ങ്യാർക്കൂത്തിൽ സാധാരണയായി അവതരിപ്പിക്കുന്നത്. നടി സന്ദർഭമനുസരിച്ച് വനവർണ്ണന, സമുദ്രവർണ്ണന, പടപ്പുറപ്പാട്, പർവ്വതോദ്ധാരണം, കോലടിക്കൽ, പന്തടി, ഊഞ്ഞാലാട്ടം, മയിലാട്ടം തുടങ്ങിയവ രംഗത്ത് അവതരിപ്പിക്കും. കൂത്തുപുറപ്പാടുദിവസം ദേവതാവന്ദനപരമായ ക്രിയകൾക്കാണ് പ്രാധാന്യം. ഗണപതിവന്ദനം, ശിവവന്ദനം, ദിക്പാലവന്ദനം, രംഗപ്രസാധനം എന്നിവക്കുശേഷം നടി ക്ഷേത്രമണ്ഡപത്തിനു മുന്നിലെത്തി മണിയടിച്ച് തൊഴുകയും പ്രസാദം വാങ്ങുകയും ചെയ്യും. ദേവവാദ്യങ്ങളായ മിഴാവും ഇടയ്ക്കയും ഇതിലെ പശ്ചാത്തല വാദ്യങ്ങളാണ്. തിരുവല്ലാശാസനത്തിൽ പരാമൃഷ്ടമാകുന്ന കളിയാങ്കം നങ്ങ്യാർക്കൂത്തിന്റെ പ്രാക്‌രൂപമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നങ്ങ്യാർക്കൂത്ത് ഒരു വഴിപാടായി നടത്തിയിരുന്നു.

******************************